കേരളകൗമുദി
വാരാന്ത്യ കൗമുദി
2011 ജൂലായ് 10 ഞായർ

സായിപ്പിനെക്കൊണ്ടുപോലും മലയാളം ഏറ്റുപാടിപ്പിക്കാൻ കഴിഞ്ഞതാണ് മലയാളം മ്യൂസിക് ബാൻഡായ അവിയലിന്റെ വിജയം. നാടൻ പാട്ടും റാപ്പും കൂട്ടിക്കുഴച്ച് ഒരു അവിയൽ പരുവത്തിൽ വിളമ്പിയപ്പോൾ പാട്ടുകളും ഒപ്പം ഈ നാൽവർ സംഘവും

**സൂപ്പർഹിറ്റ്**



അവിയൽ ബാൻഡ് സിനിമയിൽ പെർഫോം ചെയ്യുന്നു

# അവിയൽ പാട്ട്

## പരീക്ഷണം

### റെക്സ് വിജയൻ

"ഞങ്ങളിൽ ആരുടെ തലയിലാണ് ആ ബുദ്ധി ഉദിച്ചതെന്ന് അറിയില്ല. വെസ്റ്റേൺ റോക്ക് ബാൻഡിൽ പ്രവർത്തിച്ച പരിചയം ഉണ്ടായിരുന്നു. ഫോക്കിനൊപ്പം റോക്ക് മ്യൂസിക് പരീക്ഷിച്ചാലോയെന്ന് തോന്നി. രണ്ടും ചേർന്നപ്പോൾ കേൾക്കാൻ രസം തോന്നി. മൂളാൻ അറിയാത്ത സായിപ്പിനെയും താളം പിടിപ്പിച്ച് 'അവിയൽ' അങ്ങനെയാണ് ഒരുക്കിയത്. സോൾട്ട് ആൻഡ് പെപ്പറിന് പിന്നാലെയാണ് ചാപ്പാ കുരിശ് വരുന്നത് . "അവിയലാണ് ചാപ്പാ കുരിശ് തന്നത്. സംവിധായകൻ സമീർ താഹിർ വിളിച്ചു. നമുക്ക് സ്വാതന്ത്ര്യം കിട്ടുന്ന വർക്ക് ആണെന്ന് തോന്നി. സിനിമയുടെ ടൈറ്റിൽ സോംഗിൽ ചാപ്പാ കുരിശ് എന്ന വോയ്സ് ഞാൻ നൽകുന്നുണ്ട്. സിനിമയിൽ സംഗീത സംവിധായകനായി തുടരാനൊന്നും ഉദ്ദേശമില്ല." കേരള കഫേയിൽ അൻവർ റഷീദ് സംവിധാനം ചെയ്ത ബ്രിഡ്ജിൽ റെക്സ് പശ്ചാത്തല സംഗീതം ഒരുക്കിയിരുന്നു. സംഗീത സംവിധായകനായ ആൽബർട്ട് വിജയന്റെ മകൻ അച്ഛനിൽ നിന്നാണ് സംഗീതം പഠിച്ചത്. അവിയൽക്കൂട്ടിലെ ഏക വിവാഹിതൻ റെക്സാണ്. ഭാര്യ : ചിന്റു വെബ് ഡിസൈനറാണ്.

## ലുങ്കിക്കാരൻ

### ടോണി ജോൺ

"നാടൻ പാട്ട് പാടുന്നതിന് ലുങ്കിയാണ് പറ്റിയ വേഷം. തനി മലയാളി ലുക്ക് തോന്നും. പാടുമ്പോൾ ലുങ്കിയും ടീഷർട്ടും വേഷം." ടോണി ജോൺ നയം വ്യക്തമാക്കുന്നു. ഇംഗ്ലീഷ് റോക്ക് പാടി അവിയലിനു വേണമെങ്കിൽ അടിച്ചുപൊളിക്കാമായിരുന്നു. മലയാളം നാടൻ പാട്ട് പാടിയാൽ മാത്രമേ ആളുകൾ ശ്രദ്ധിക്കൂയെന്ന് തിരിച്ചറിഞ്ഞതിനാൽ ഇംഗ്ലീഷിനെ ഇതുവരെ സ്റ്റേജിൽ കയറ്റിയില്ല. നട...നടയ്ക്ക് സംഗീത പ്രേമികളിൽ നിന്ന് ലഭിച്ച പ്രതികരണം ആരേയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. അവിയൽ എന്ന മലയാളം റോക്ക് ബാൻഡ് തുടങ്ങി ഞെട്ടിപ്പിക്കണമെന്ന് ടോണിയും കൂട്ടുകാരും ആഗ്രഹിച്ചിരുന്നില്ല. സിനിമയിലും പിന്നെ ജിംഗിളുകളൊരുക്കിയും എന്തെങ്കിലുമൊക്കെ കാട്ടിക്കൂട്ടണമെന്ന് മാത്രമേ അവിയൽ ആഗ്രഹിച്ചുള്ളൂ. അവിയലിന്റെ വിജയരഹസ്യം എന്തെന്ന് ചോദിച്ചാൽ ടോണി ഇങ്ങനെ പറയും. "ഒരേ ടേസ്റ്റ്. ഒരേ ചിന്ത. അത് സംഗീതം മാത്രമാണ്." ആസ്വാദകരുടെ ഹൃദയത്തിലാണ് ഇവർ സംഗീതമഴ പെയ്യിക്കുന്നത്.

## അയ്യോ...

### ബിന്നി ഐസക്

"റോക്ക് ബാൻഡ് എന്ന ആശയം മലയാളത്തിലേക്ക് കൊണ്ടുവന്നപ്പോൾ മാനംമുട്ടേയുണ്ടായിരുന്ന ഞങ്ങളുടെ പ്രതീക്ഷയ്ക്ക് എട്ടുവർഷം കഴിഞ്ഞിട്ടും മങ്ങലേറ്റില്ല." ബിന്നി ഐസക് പറയുന്നു. ആനക്കള്ളൻ അവിയൽ ഇതുവരെ ഇറക്കിയ പാട്ടിലെ ഏറ്റവും ലളിതമായ ഗാനമാണ്. വളരെ മുമ്പേയുള്ള നാടൻ പാട്ടാണിത്. ചില വരികൾ അവിയൽ തള്ളി. നൂറ് നാടൻ പാട്ട് എന്ന പുസ്തകത്തിലെ പല ഗാനങ്ങളും അവിയൽ അടിച്ചു തിമിർത്തിട്ടുണ്ട്. രണ്ടാമത്തെ ആൽബം അണിയറയിൽ ഒരുങ്ങുകയാണ്. 10 പാട്ടുകളുണ്ട്. 'അയ്യോ' എന്ന പുതിയ പാട്ട് നട... നടയെ കടത്തിവെട്ടും എന്ന കാര്യത്തിൽ അവിയലിനും സംശയമില്ല. എല്ലാ ഭാഷയിലും സാധാരണ ഉപയോഗിക്കുന്ന വാക്കാണത്. പാട്ട് റെഡിയാക്കുമ്പോൾ ഓർക്കാപ്പുറത്ത് 'അയ്യോ' കടന്നുവന്നതാണ്.

**മനോജ് വിജയരാജ്**

അവിയൽ, അവിയൽ, അവിയൽ!!! ഈ 'അവിയലി'ന്റെ ഒരു കാര്യം. ഒടുവിൽ അവിയലിനെ സിനിമയിലുമെടുത്തു. ദോശയുടെ പേരിൽ പരിചയത്തിലായ നായകന്റെയും നായികയുടെയും കഥ പറയുന്ന ആഷിക് അബുവിന്റെ സോൾട്ട് ആൻഡ് പെപ്പർ എന്ന സിനിമയിൽ 'അവിയൽ' തിളച്ചു മറിയുകയാണ്. ഈ 'അവിയലിലെ കഷണങ്ങൾ' ചില്ലറക്കാരല്ല. തിരുവനന്തപുരത്തുകാരായ ടോണിജോൺ, റെക്സ് വിജയൻ, ബിന്നി ഐസക്, കണ്ണൂരുകാരൻ മിഥുൻ പുത്തൻവീട്ടിൽ ഇവരാണ് അവിയൽക്കൂട്ടം. മലയാള സിനിമയിൽ ആദ്യമാണ് ഒരു മല്ലുറോക്ക് ബാൻഡ് അടിച്ചുപൊളിക്കുന്നത്.

മനസ് നിറയെ സംഗീതവുമായി കഴിയുമ്പോഴാണ് ഒരു ദിവസം നാൽവർ സംഘത്തിന്റെ തലയിൽ ഒരു പടുകൂറ്റൻ ലഡുപൊട്ടിയത്. അവിയൽ പരുവത്തിലൊരു പാട്ട് ഒരുക്കാം. എന്തായാലും പാട്ട് അവിയലാണ്. അപ്പോൾ പേരിടാൻ ഏറെയൊന്നും ആലോചിച്ചില്ല. അവിയൽ ബാൻഡ്. ടോണിക്കും മിഥുനും റെക്സിനുമൊപ്പം അന്ന് കൂടെയുണ്ടായിരുന്നത് മുംബയ്‌വാല നരേഷ് കാമത്ത്. നാടൻ പാട്ടുകാരൻ എങ്ങണ്ടിയൂർ ചന്ദ്രശേഖരൻ എഴുതിയ നട.. നട എന്ന ഗാനത്തെ റോക്കിലേക്ക് കന്നി നടത്തം ചവിട്ടിച്ചപ്പോൾ കിടിലോൽക്കിടിലം. പാട്ട് കേട്ടവർ പറഞ്ഞു 'അവിയല് കൊള്ളാലോ'. ഉടൻ വീഡിയോ ആൽബം പുറത്തിറക്കണമെന്നയാവശ്യം നാലുപാട് നിന്നും കേട്ട നിമിഷം ഈ മല്ലൂസ് ശരിക്കും ത്രില്ലടിച്ചു. സതേൺ സർപ്രൈസിലൂടെ അവിയലിന്റെ ആദ്യ ഗാനമായ നട നട വീഡിയോ ആൽബമായി പുറത്തുവന്നു. കണ്ടവർ കാണാത്തവരോട് പറഞ്ഞു. തുടക്കത്തിൽ ലഭിച്ചത് മൗത്ത് പബ്ളിസിറ്റി. പിന്നീട് ഗൂഗിളിലും ഫേസ്ബുക്കിലും യൂ ട്യൂബിലും അവിയൽ സാധനത്തിനെ തിരയാൻ യുവാക്കൾ കുത്തിയിരുന്നു. അവിയലിന്റെ ആദ്യ പാട്ട് കേട്ടപ്പോൾ തന്നെ പിള്ളേർ ചില്ലറക്കാരല്ലെന്ന് മലയാളികൾ ഉറപ്പിച്ചതാണ്. ആടു പാമ്പേ... പുനംതേട്‌പാമ്പേ എന്ന ശുദ്ധമായ നാടോടി ഈണവും റോക്കിന്റെ വേഗതയും ഒത്തുചേർന്നത് കേട്ട് സായിപ്പും അറിയാതെ ചുണ്ടനക്കിപ്പോയി. ആടു പാമ്പേ പുനംതേട് പാമ്പേ..

'നട നട...' എന്ന അവിയലിന്റെ ഹിറ്റ് പാട്ടിറങ്ങി എട്ടുവർഷം കഴിഞ്ഞ് രണ്ടാമത്തെ ആൽബം ഒരുക്കുന്നതിനിടെയാണ് സിനിമയിലേക്ക് വിളിക്കുന്നത്. പുതിയ ആൽബത്തിനുവേണ്ടി റെഡിയാക്കിയ രണ്ടാമത്തെ കത്തുന്ന പാട്ട് ചൂടോടെ അവിയൽ വിളമ്പി. തൊട്ടതെല്ലാം സൂപ്പർഹിറ്റാക്കി അവിയൽ യാത്ര തുടരുമ്പോൾ ഇന്ത്യയിൽ വൻകിട റോക്ക് ബാൻഡുകളുടെ സംഗീതം മാർക്കറ്റ് ചെയ്യുന്ന മുംബയിലെ ഫാറ്റ്ഫിഷ് കമ്പനി അവിയലിന്റെ എട്ടു പാട്ടുകൾ ആൽബമായി ഇറക്കി. സി.ഡികൾക്ക് വൻ ഡിമാൻഡ്. യുട്യൂബിൽ എട്ട് പാട്ടുകളും അപ്‌ലോഡ് ചെയ്തിട്ടുണ്ട്. എല്ലാ അംഗീകാരത്തിനും മേലെ ചാർത്തുന്നതായിരുന്നു ജാക്ക് ഡാനിയേലിന്റെ ആറു പുരസ്കാരങ്ങൾ. ഇന്ത്യൻ റെക്കാർഡിംഗ് ആർട്സ് അക്കാഡമിയുടെ പുരസ്കാരമാണ് അവിയലിന് ഏറ്റവും ഒടുവിൽ ലഭിച്ചത്. 54 രാജ്യങ്ങളിൽ നിന്നുള്ള റോക്ക് ബാൻഡുകൾ പങ്കെടുത്ത മൗറീഷ്യസിൽ നടന്ന വേൾഡ് മ്യൂസിക് ഫെസ്റ്റിൽ ഇന്ത്യയുടെ പ്രതിനിധിയായി അവിയൽ പോയി മലയാളം മുഴക്കി. അവിയലിന്റെ സ്വാദിഷ്ടമായ രുചിക്ക് പിന്നിലെ കാരണം ചികഞ്ഞെടുക്കേണ്ടതില്ല. ടോണിയുടെ സ്വരമാധുരി, റെക്സ് വിജയൻ ഗിറ്റാറിലും ബിന്നി ജാസിലും തീർക്കുന്ന സൂപ്പർ ബിറ്റുകൾ. ഡ്രംസിൽ മിഥുന്റെ മായാജാലം. ചുമ്മാതല്ല, ഡൽഹിയിൽ ബിഗ്ബാൻഡ് ഇന്ത്യയുടെ സ്റ്റേജ് ഷോ തുടങ്ങാൻ നേരത്ത് എ.ആർ. റഹ്മാൻ 'അവിയൽ എവിടെ?' എന്ന് ചോദിച്ച് പയ്യൻമാരെ തേടി വന്നത്. നല്ല ശുദ്ധമലയാളത്തിൽ നാടൻ പാട്ടു പാടിയതിനാലാണ് എ.ആർ. റഹ്മാന് അവിയലിനെ നന്നേ പിടിച്ചതെന്ന് അവിയൽ ടീം ഹൃദയത്തിൽ തൊട്ട് പറയും.

കാവാലം നാരായണപ്പണിക്കരുടെ കറുകറ കാർമുകിൽ എന്ന കവിതയും ചെക്കേലടി എന്ന നാടൻ പാട്ടും തനിമ നഷ്ടപ്പെടാതെ പുതിയ തലമുറയിൽ എത്തിച്ചത് അവിയലിന്റെ റോക്ക് സംഗീതമാണ്. റോക്ക് സംഗീതം അവിയലിലെ പാട്ടുകളിൽ ഉപയോഗിച്ചിട്ടുണ്ടെങ്കിലും നാടൻ പാട്ടിന്റെ തനിമയും അർത്ഥവും പോകാതെ ഭംഗിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. മിക്ക പാട്ടിന്റെ ഇടയിലും തമാശ പോലെ ചില പദപ്രയോഗങ്ങൾ കടന്നുവരുന്നു. 'ചോറുകള്ളനും' 'തൊപ്പികള്ളനും' 'ആരാണ്ടാ ആരാണ്ടാ'യുമെല്ലാം രസം പകർന്ന് അങ്ങനെയാണ് പാട്ടിൽ ഇടം പിടിച്ചത്. അവിയലിന് ഇന്ത്യയിലും വിദേശത്തും സംഗീതപ്രേമികൾ ധാരാളമാണ്. ഫേസ്ബുക്കിലെ അവിയൽ എന്ന കമ്മ്യൂണിറ്റിയിൽ നാല്പതിനായിരം പേരാണുള്ളത്. ആരാധകർ അടുത്ത അവിയൽപാട്ടിന് കാത്തിരിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. അത് കുറച്ച്നാൾകൂടി വേണ്ടിവരും.ആനക്കള്ളൻ ചെയ്യാൻ മൂന്നുമാസം വേണ്ടിവന്നു. എത്രനാൾ വേണമെങ്കിലും അവിയൽപാട്ട് വേണ്ടവർ കാത്തിരിക്കുമെന്ന് ഈ ബോയ്സിനറിയാം. ചെയ്യുന്നത് രുചി നിറഞ്ഞതാവണം. ആരാധകരുടെ പ്രതീക്ഷ കളഞ്ഞുകുളിച്ച് അവിയൽ ഉണ്ടാക്കാൻ എന്തായാലും ഒരുക്കമല്ല. കാരണം, ചില പരീക്ഷണങ്ങളുണ്ട് പുതിയ ആൽബത്തിന്. പുതിയൊരു തരം അവിയൽ വിളമ്പാനാണ് ഇവർ ഒരുങ്ങുന്നത്. കടൽ കടന്നും അംഗീകാരം ലഭിച്ചിട്ടും ഈ മല്ലു ബോയ്സിന് ചെറിയൊരു ദുഃഖമുണ്ട്. കേരളത്തിൽ അധികം സ്റ്റേജ് ഷോ ചെയ്യാൻ കഴിയുന്നില്ല. തിരുവനന്തപുരത്തും കൊച്ചിയിലും കോട്ടയത്തും കോഴിക്കോട്ടും പാലക്കാടും മാത്രമാണ് അവസരം ലഭിച്ചത്. സ്പോൺസർമാരെ കിട്ടാത്തതാണ് കാരണം. മുംബയിലും ബാംഗ്ലൂരിലും അവിയൽ ഇളക്കി മറിച്ചിട്ടുണ്ട്. സോൾട്ട് ആൻഡ് പെപ്പറിന് ശേഷം വരുന്ന ചാപ്പാ കുരിശിലും ഒരൽപ്പം അവിയൽ ടച്ചുണ്ട്. ചാപ്പാ കുരിശിന്റെ സംഗീത സംവിധാനം റെക്സ് വിജയനാണ് നിർവഹിക്കുന്നത്. ഒരു കാര്യം അവിയൽ ഉറപ്പു പറയുന്നു. സോൾട്ട് ആൻഡ് പെപ്പറും ചാപ്പാകുരിശും ഇറങ്ങിയാൽ എന്തെങ്കിലുമൊക്കെ മലയാള സിനിമയിൽ നടക്കും. കുറേവർഷമായി 'അവിയൽ' മലയാള സിനിമ കണ്ടിട്ട്. കൊള്ളാവുന്ന പടമുണ്ടായിട്ടുവേണ്ടേ കാണാനെന്ന് അവിയലിന്റെ കോറസ്.

**വാൽകഷണം:**

മലയാളി വേണമെങ്കിൽ ഫ്രഞ്ച് പാട്ടും പഠിച്ച് പാടും. പക്ഷേ മറ്റു ഭാഷക്കാർ മലയാളം പാട്ട് പാടാറില്ല. എന്നാൽ അവിയൽ ഈ പതിവ് തെറ്റിച്ചു. സായിപ്പിനെക്കൊണ്ടു വരെ മലയാളം പാട്ട് നല്ല ഉച്ചാരണശുദ്ധിയോടെ പാടിച്ചു. അതാണ് അവിയലിന്റെ ഏറ്റവും വലിയ സന്തോഷം.

*(അവിയൽ ടീമിനെ വിളിക്കാം: 9846032717)*

## സാമ്പാറെന്ന് ഇടരുതോ


### മിഥുൻ പുത്തൻവീട്ടിൽ

'അവിയ'ലെന്നിടാതെ സാമ്പാറെന്ന് ഇടരുതോ? മുമ്പ് ബന്ധുവീടുകളിൽ ചെല്ലുമ്പോൾ തമാശയായി ഞാൻ ഈ ചോദ്യം കേട്ടു. അവിയലിന് എല്ലാവരിൽ നിന്നും നല്ല സപ്പോർട്ടാണ് ലഭിക്കുന്നത്. സിനിമയിലേക്ക് അവിയൽ വന്നതിന്റെ ത്രില്ലിലാണ് ഞങ്ങൾ. മിഥുൻ പുത്തൻവീട്ടിൽ പറയുന്നു. സംവിധായകൻ ആഷിക്അബു സുഹൃത്താണ് . അങ്ങനെയാണ് സിനിമയിലേക്ക് വരുന്നത്" മിഥുന്റെ അച്ഛൻ മുൻ മന്ത്രിയും രാഷ്ട്രീയ നേതാവുമായ കടന്നപ്പള്ളി രാമചന്ദ്രൻ. രാഷ്ട്രീയത്തോട് മിഥുന് തീരെ താത്പര്യമില്ല. "എന്റെ ലൈൻ ഇതാണ്. ആട്ടോമൊബൈൽ എൻജിനിയറിംഗിൽ ഡിപ്ലോമ കഴിഞ്ഞു. പിന്നീട് കുറച്ചുനാൾ തിരുവനന്തപുരത്തെ ടാൻഡത്തിൽ ജോലി ചെയ്തെങ്കിലും മനസ് അവിടെയൊന്നും നിന്നില്ല. ഇഷ്ടമില്ലാത്തത് ചെയ്യുന്നതിനെക്കാൾ നമ്മുടെ ടേസ്റ്റ് തിരിച്ചറിയുന്ന ജോലിക്കായി സമയം മാറ്റിവയ്ക്കുന്നതാണ് നല്ലതെന്ന് തോന്നി."


## ആനക്കള്ളൻ

അയ്യപ്പൻ കുയ്യപ്പൻ ആനക്കള്ളൻ
ചെറുപ്പത്തി ചെറുപ്പത്തി ചേനക്കള്ളൻ
ശിപ്പായിമാരുടെ തൊപ്പിക്കള്ളൻ
വൈക്കത്തെ ചെമ്പിലെ ചോറു കള്ളൻ
ഞാനല്ല കട്ടത് കള്ളനാണേ
കള്ളന്റെ വീട്ടിലോ പന്തലിട്ടേ
പന്തീപത്തായിരം തുമ്പ നട്ടേ
തുമ്പപ്പുറത്തൊരു വാഴ നട്ടേ
വാഴ കുലച്ചത് വടക്കോട്ടേ
വടക്കത്തെ നാട്ടാരത് കണ്ട് അന്തംവിട്ടേ
കൊമ്പില്ലാ നാട്ടിലെ കുട്ടികൊമ്പൻ
പണ്ടത്തെ പാട്ടിലെ ആനക്കള്ളൻ
ഇവൻ നമ്മുടെ പാവം കള്ളൻ
നമ്മുടെ ആനക്കള്ളൻ
അവൻ പാഞ്ഞു നടക്കുന്ന ലോകം
ആ നമ്മുടെ ഈ ഭൂലോകം

*(അവിയലിന്റെ ഏറ്റവും പുതിയ പാട്ട്)*



ടോണിജോൺ, ബിന്നി ഐസക്, (മുകൾ നിരയിൽ) റെക്സ് വിജയൻ, മിഥുൻ പുത്തൻവീട്ടിൽ (താഴെ)



മരണം ഇതാ രവിയെയും കൊണ്ടുപോയിരിക്കുന്നു.
സൗഹൃദങ്ങളെ ഉത്സവമാക്കിയ ആ ചങ്ങാതിയെ,
ആ സഞ്ചാരിയെ, ആ ചലച്ചിത്രകാരനെ, എഴുത്തുകാരനെ,
എല്ലാറ്റിനുമെല്ലാറ്റിനുമുപരിയായി കന്മഷം തൊട്ടുതീണ്ടാത്ത
ആ നല്ല മനുഷ്യനെ; ആ ബൊഹീമിയൻ കമ്മ്യൂണിസ്റ്റിനെ

രവീന്ദ്രൻ



# സൗഹൃദങ്ങളെ ഉത്സവമാക്കിയ സഞ്ചാരി

**വി.വി. വേണുഗോപാൽ**

**1980** ഒടുവിലെ ഒരു അർദ്ധരാത്രി. കലൂരിലെ സി.എൻ. കരുണാകരന്റെ 'സ്ഥപതിഗ്രാമ'ത്തിൽ നിന്ന് രെവി(സ്വന്തം പേര് അങ്ങനെയെഴുതാൻ രവിക്കിഷ്ടമായിരുന്നു)യുമൊത്ത് എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിലേക്ക് വച്ചുപിടിക്കുകയാണ്. വടക്കോട്ടുള്ള വണ്ടിയിൽ കെ.പി. കുമാരനുണ്ടാവും. സ്റ്റേഷനിൽച്ചെന്ന് 'അതിഥി'യുടെ തിരക്കഥ വാങ്ങണം.

നോർത്ത് ഓവർബ്രിഡ്ജിനു ചോട്ടിലെ റെയിൽപ്പാളത്തിലൂടെ തിരക്കിട്ട് പ്ലാറ്റ്ഫോമിലേക്ക് നടക്കവേ രവിയുടെ, അല്ല, സഞ്ചാരിയുടെ മുന്നറിയിപ്പ്: "നീ സൂക്ഷിച്ച്, നോക്കി നടക്കണം. സ്ലീപ്പറുകൾക്കടിയിൽ ഒരുതരം പാമ്പുണ്ടാകും. നല്ല വിഷമുള്ള ഇനം." മണൽക്കാട്ടിൽ പുതഞ്ഞുകിടക്കുന്ന ഉഗ്രവിഷമുള്ള പാമ്പുകളുടെ ചിത്രമാണ് അപ്പോൾ മനസിലോടിയെത്തിയത്.

ഇടതുപക്ഷ ചിന്തകനായ ഡോ. ടി.കെ. രാമചന്ദ്രന്റെ വീട് ആസ്ഥാനമായി 'നിള പബ്ലിഷേഴ്സ്' പ്രവർത്തിച്ചു തുടങ്ങിയ കാലമായിരുന്നു അത്. 'നിള'യുടെ ആദ്യപുസ്തകമായ 'യാഥാർത്ഥ്യത്തിന്റെ നാലു മുഖങ്ങളി'ലേക്കുള്ളതായിരുന്നു അതിഥിയുടെ തിരക്കഥ.

സിനിമയെക്കുറിച്ചുള്ള നിസാർ അഹമ്മദിന്റെ (പുസ്തകത്തിന്റെ എഡിറ്റർ) മൗലികപഠനമുൾക്കൊള്ളുന്ന 'യാഥാർത്ഥ്യത്തിന്റെ നാലു മുഖങ്ങളി'ൽ 'അതിഥി'യെ കൂടാതെ പവിത്രന്റെ 'യാരോ ഒരാൾ', അരവിന്ദന്റെ 'എസ്തപ്പാൻ', രവിയുടെ 'ഇനിയും മരിച്ചിട്ടില്ലാത്ത നമ്മൾ' എന്നീ സിനിമകളുടെ തിരക്കഥകളായിരുന്നു.

നിള പ്രസിദ്ധീകരിച്ച, മലയാളത്തിലെ പ്രൗഢ പഠനഗ്രന്ഥങ്ങളിലെണ്ണപ്പെട്ട 'കലാവിമർശം: മാർക്സിസ്റ്റ് മാനദണ്ഡം' എഡിറ്റ് ചെയ്തത് രവിയാണ്. എൻ.എസ്. മാധവന്റെ ആദ്യ കഥാസമാഹാരമായ 'ചൂളൈമേട്ടിലെ ശവങ്ങൾ'ക്ക് അവതാരിക എഴുതിയതും.

ബാബു ഭരദ്വാജ് വിചാര ചലച്ചിത്രയുടെ ബാനറിൽ നിർമ്മിച്ച 'ഇനിയും മരിച്ചിട്ടില്ലാത്ത നമ്മൾ' സംവിധായകനായ രവിയുടെ തന്നെ വാക്കുകളിൽ, 'നഗരസ്ഥിതരായ മദ്ധ്യവർഗ ബുദ്ധിജീവികളുടെ ആശയ സമസ്യകളെ വാദപ്രതിവാദ വിധേയമാക്കുന്ന' ഒരു സിനിമയായിരുന്നു. പ്രശസ്ത മാദ്ധ്യമ പ്രവർത്തകനായ ശശികുമാർ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച ചിത്രത്തിൽ തമ്പി കാക്കനാടൻ, ടി.വി. ചന്ദ്രൻ, കടമ്മനിട്ട രാമകൃഷ്ണൻ എന്നിവരും വേഷങ്ങൾ ചെയ്തു.

■

സൗഹൃദങ്ങളെ വസന്തോത്സവമാക്കിയ സഞ്ചാരിയായ രവിയുടെ എഴുത്തുശൈലി സുഗമവും സുതാര്യവുമായിരുന്നു. ആരിലും കൊതിയുളവാക്കുന്ന തെളിനീരുറവ.

യാത്രകളെ കുറിച്ച് രവി: "പ്രേരണകളുടെ സ്വഭാവം എന്തുമാകട്ടെ, മനുഷ്യർ പൊതുവേ യാത്രകൾ ഇഷ്ടപ്പെടുന്നു. നിർവാഹമില്ലാത്തവർ യാത്രകൾ സ്വപ്നം കാണുന്നു. എല്ലാ രുചികളും പ്രവണതകളും വ്യാപാരവത്കരിക്കപ്പെടുന്ന നമ്മുടെ കാലത്ത് യാത്രയും ഒരു വൻ വ്യവസായമായിത്തീർന്നിരിക്കുന്നതിൽ വിസ്മയമില്ല. സംസ്കാരം തന്നെ ഒരു ഉത്പന്നമായി മാറിയതിന് സദൃശമാണ് യാത്രയുടെ ഈ വ്യവസായ പരിണാമം...

ഇതര സമൂഹങ്ങളുടെ പെരുമാറ്റ സമ്പ്രദായങ്ങളിലേക്കും വ്യക്തിബന്ധങ്ങളുടെ രീതികളിലേക്കും സംസ്കാരത്തിന്റെ സൂക്ഷ്മഭാവങ്ങളിലേക്കും കാതലായ ഉൾക്കാഴ്ചകൾക്ക് യാത്രകൾ അവസരമാവുന്നു. ഇന്ത്യൻ ഗ്രാമങ്ങളിലും ആദിവാസി മേഖലകളിലും യൂറോപ്യൻ നഗരങ്ങളിലും മെഡിറ്ററേനിയൻ തീരങ്ങളിലും മറ്റുമായി ഈ മട്ടിൽ ഞാൻ ഒട്ടേറെ യാത്ര ചെയ്തിട്ടുണ്ട്. ഏകനായ സഞ്ചാരിയുടെ ഭാഷാപരമായ നിസ്സഹായതയും ദിഗ്ഭ്രമങ്ങളും ആശ്രയമില്ലായ്മയും കൂടിച്ചേർന്ന മൊത്തമായ നിരാലംബതയായിരുന്നു ഈ യാത്രാവേളകളിലെല്ലാം എനിക്ക് തുണയായത്." (മൾബെറി പ്രസിദ്ധീകരിച്ച 'വഴികൾ വ്യക്തികൾ ഓർമ്മകൾ' എന്ന പുസ്തകത്തിൽ നിന്ന്.)

■

രവി 'എന്റെ കേരളം' ചെയ്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിനടുത്തുള്ള ഫ്ലാറ്റിൽ താമസിക്കുന്ന കാലം. 'വീട്ടുടമ'യായ ടി.എൻ. ഗോപകുമാറും (ഇപ്പോൾ ഏഷ്യാനെറ്റ് ന്യൂസ് ചീഫ് എഡിറ്റർ) ഏഷ്യാനെറ്റ് സ്ഥാപകനായ ശശികുമാറും സക്കറിയയും നീലനും ടി.വി. ചന്ദ്രനും പവിത്രനും മാടമ്പും ചെലവൂർ വേണുവും എന്നു വേണ്ട സിനിമാ- സാഹിത്യ- സാംസ്കാരിക മേഖലകളിലെ ചങ്ങാതിമാരിലാരും എപ്പോൾ വേണമെങ്കിലും കയറി വരാവുന്നയിടം. സുദീർഘമായ സംഭാഷണങ്ങൾ, സംവാദങ്ങൾ, കേവല വെടിവട്ടങ്ങൾ, പാചക പരീക്ഷണങ്ങൾ... ഔപചാരികത രവിയുടെ നിഘണ്ടുവിലിടമില്ലാത്ത പദമായിരുന്നു.

....അങ്ങനെയിരിക്കേ മഴ കോരിച്ചൊരിയുന്ന ഒരു പ്രഭാതം. കോഴിക്കോട്ടെ ജയചന്ദ്രനുമൊത്ത്- അന്ന് ജയചന്ദ്രൻ ഏഷ്യാനെറ്റിന്റെ തിരുവനന്തപുരം ബ്യൂറോ ചീഫാണ്- ഫ്ളാറ്റിലെത്തുമ്പോൾ രവി (അവിശ്വസനീയമാംവിധം) തനിച്ചായിരുന്നു. 'ത്രിഗുണന്റെ തീ കാഞ്ഞ്' വർത്തമാനം പറഞ്ഞിരിക്കുന്നതിനിടയ്ക്ക് പൊടുന്നനേ ജയചന്ദ്രന്റെ ചോദ്യം: "അല്ല രവിയേട്ടാ, നിങ്ങള് മരിച്ചാൽ ഞങ്ങൾ എങ്ങനെയാ നിങ്ങളെ വിശേഷിപ്പിക്കേണ്ടത്? സഞ്ചാരി, സാംസ്കാരിക നായകൻ, ചിന്തകൻ, ചലച്ചിത്രകാരൻ...?"

തമാശ ആസ്വദിച്ച് രവി ചിരിച്ചു: "നിങ്ങൾക്ക് എന്തുവേണമെങ്കിലും എഴുതാമിഷ്ടാ..."

ഒരാഴ്ച കഴിഞ്ഞ് കോഴിക്കോട്ട് നിന്നെത്തിയത് ജയചന്ദ്രന്റെ മരണവാർത്തയാണ്: "പ്രശസ്ത മാദ്ധ്യമ പ്രവർത്തകനായ ജയചന്ദ്രൻ..." 'ഔചിത്യബോധമില്ലാത്ത ആ കോമാളി' ജയചന്ദ്രനെ പിടിച്ചുകൊണ്ടുപോയത് ഓർക്കാപ്പുറത്തായിരുന്നു.

മരണം ഇതാ രവിയെയും കൊണ്ടുപോയിരിക്കുന്നു. സൗഹൃദങ്ങളെ ഉത്സവമാക്കിയ ആ ചങ്ങാതിയെ, ആ സഞ്ചാരിയെ, ആ ചലച്ചിത്രകാരനെ, എഴുത്തുകാരനെ, എല്ലാറ്റിനുമെല്ലാറ്റിനുമുപരിയായി കന്മഷം തൊട്ടുതീണ്ടാത്ത ആ നല്ല മനുഷ്യനെ; ആ ബൊഹീമിയൻ കമ്മ്യൂണിസ്റ്റിനെ.

ഇനി, വർഷങ്ങൾക്കുശേഷം കണ്ടുമുട്ടുകയാണെങ്കിലും ഇന്നലെ കണ്ടു പിരിഞ്ഞതിന്റെ തുടർച്ചയെന്നോണം രെവി പറയും: ആകെ തകരാറാണിഷ്ടാ.

(ലേഖകന്റെ മെയിൽ: venujournalist@gmail.com)

---

കേരളകൗമുദി
വാരാന്ത്യ
കൗമുദി
2011 ജൂലായ് 10 ഞായർ

## പ്രതികരണം

# നങ്ങ്യാർകൂത്തും നങ്ങ്യാരാട്ടവും

**പി. രവീന്ദ്രൻ നായർ**

ജൂൺ 17ലെ കേരളകൗമുദി വാരാന്ത്യപ്പതിപ്പിൽ വന്ന 'ഒരേയൊരു രാമയ്യർ' എന്ന ഫീച്ചറിലെ ചില പരാമർശങ്ങളാണ് ഈ പ്രതികരണത്തിനാധാരം. ഫീച്ചറിൽ പറയുന്നതുപോലെ പാരമ്പര്യകലകളുടെ ഉന്നമനത്തിനായി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവർക്ക് വംശനാശം വന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് മാർഗിയിലെ ശ്രീ. രാമയ്യരെപ്പോലെ ചിലരെങ്കിലുമുള്ളത് സമൂഹത്തിന്റെ ഒരു ഭാഗ്യമായി വേണം കരുതാൻ.

എങ്കിലും അദ്ദേഹം നങ്ങ്യാരാട്ടം എന്ന പേരിലറിയപ്പെടുന്ന പുത്തൻ കലാരൂപത്തിനെതിരായി പറഞ്ഞ കാര്യങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതും തെറ്റിദ്ധാരണാജനകവുമാണെന്ന് പറയേണ്ടിവന്നതിൽ ഖേദിക്കുന്നു.

എന്താണ് നങ്ങ്യാരാട്ടം? എങ്ങനെയാണ് അത് പരമ്പരാഗതമായ നങ്ങ്യാർക്കൂത്തിൽ നിന്ന് വ്യത്യസ്തമാവുന്നത്? കൂടുതൽ കൂടുതൽ സാധാരണക്കാർ മലയാള കവിതയിലധിഷ്ഠിതമായ ഈ കലാരൂപത്തെ എന്തുകൊണ്ടാണ് സ്വീകരിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നത്?

ഇതുസംബന്ധമായ വിവാദത്തിന് തിരി കൊളുത്തിയത് പ്രശസ്ത കൂടിയാട്ടം- നങ്ങ്യാർകൂത്ത് കലാകാരി മാർഗി ഉഷ 2010 ഒക്ടോബർ 17ന് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നിറഞ്ഞ സദസ്സിനു മുമ്പിൽ അവതരിപ്പിച്ച നങ്ങ്യാരാട്ടം എന്ന കലാരൂപത്തിന്റെ ആദ്യ പ്രകടനമായിരുന്നു.

ആ പരിപാടിയുടെ ഉദ്ദേശ്യശുദ്ധി അതിന്റെ ക്ഷണക്കത്തിൽ തന്നെ വ്യക്തമായിരുന്നു. ക്ഷണക്കത്തിൽ ഇങ്ങനെ പറയുന്നു:

"കേരളത്തിന്റെ വിശിഷ്ടമായ തനത് കലയാണ് നങ്ങ്യരമ്മക്കൂത്ത്. ആട്ടത്തിനും അഭിനയത്തിനും പ്രാധാന്യം നൽകി അവതരിപ്പിക്കപ്പെടുന്ന ഈ കലാരൂപം അതിന്റെ തനിമയിലും സാംഗത്യത്തിലും നിലനില്ക്കേണ്ടത് കലാകേരളത്തിന്റെ ആവശ്യമാണ്. അങ്ങനെ തന്നെ നിലനില്ക്കുന്നുമുണ്ട്. എന്നാൽ ഈ തനിമ നിലനിറുത്തുമ്പോൾത്തന്നെ കാലികമായ ചില പരിഷ്കാരങ്ങൾ വേണ്ടതല്ലേ എന്ന ചിന്ത ഈ രംഗത്ത് പ്രവർത്തിക്കുന്ന പലർക്കും ഉണ്ടാവാറുണ്ട്."

അത്തരത്തിലൊരു പരീക്ഷണമാണ് ശ്രീമതി മാർഗി ഉഷയുടെ നേതൃത്വത്തിൽ ഒക്ടോബർ 17ന് അരങ്ങേറിയത്. നങ്ങ്യാരമ്മക്കൂത്തിന്റെ പൊതുവായ ചട്ടക്കൂടിൽ നിന്നുകൊണ്ട് അതേസമയം ചില വ്യത്യാസങ്ങളോടുകൂടി, അവതരിപ്പിക്കപ്പെടുന്ന നങ്ങ്യാരാട്ടം എന്ന കലാരൂപത്തിൽ സംസ്കൃതശ്ലോകങ്ങളുടെ സ്ഥാനത്ത് മലയാളകവിതയാണ് ഉപയോഗപ്പെടുത്തുന്നത്.

ഈ ദിശയിലെ ആദ്യത്തെ അവതരണത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത് കൂടിയാട്ടം പോലുള്ള കലാരൂപങ്ങളുമായി ഉറ്റബന്ധം പുലർത്തിയിരുന്ന കവി അയ്യപ്പപ്പണിക്കരുടെ 'ജന്മപരിണാമം' എന്ന കൃതിയായിരുന്നു.

അയ്യപ്പപ്പണിക്കർ സാറും മാർഗിയും തമ്മിലുള്ള ബന്ധം പ്രസിദ്ധമാണ്. അങ്ങനെയുള്ള പണിക്കർ സാറിനോടുള്ള ബഹുമാനാർത്ഥം അദ്ദേഹത്തിന്റെ ഒരു കവിത കൂടിയാട്ട സങ്കേതമുപയോഗിച്ച് രംഗത്ത് അവതരിപ്പിക്കുക എന്നതായിരുന്നു ശ്രീമതി മാർഗി ഉഷയുടെ ആഗ്രഹം. പല കവിതകൾ പരിശോധിച്ചതിൽ രംഗാവതരണത്തിന് ഏറ്റവും അനുയോജ്യമായത് പണിക്കർ സാറിന്റെ 'ജന്മപരിണാമം' എന്ന മനോഹരമായ കൃതിയുടെ ഒരു ഭാഗമാണെന്നു കണ്ട് അതിനെ തിരഞ്ഞെടുത്ത് അതിന് അനുയോജ്യമായ ഒരു ആട്ടപ്രകാരം തയ്യാറാക്കി.

ശ്രീ. രാമയ്യർ ഈ പരിപാടി കണ്ടിട്ടില്ല. ഒരു പക്ഷേ, കണ്ടിരുന്നുവെങ്കിൽ ഇത്തരത്തിലൊരു അഭിപ്രായപ്രകടനം ഉണ്ടാകുമായിരുന്നില്ല എന്നാണ് ദൃഢമായി വിശ്വസിക്കുന്നത്.

ഏതായാലും ഒരു കാര്യം വ്യക്തമാണ്. ഏത് പാരമ്പര്യകലയിലും കാലികമായ മാറ്റങ്ങൾ ഉണ്ടാകാം. അതുപോലെ കലാകാരന്റെ ആവിഷ്കാരപരമായ പുത്തൻ ചിട്ടപ്പെടുത്തലുകളും. കൂടിയാട്ടം ക്ഷേത്ര മതിൽക്കെട്ടിന് പുറത്തേക്ക് വന്നതും, വിദേശത്ത് പോയതും ഏത് സമുദായത്തിലുള്ളവർക്കും അത് പഠിക്കാമെന്നു വന്നതും കാലഘട്ടത്തിന്റെ ആവശ്യങ്ങളായിരുന്നു.

ശ്രീ. രാമയ്യരുടെ വാക്കുകളിൽ ഏറ്റവും വേദന തോന്നിയത് അയ്യപ്പപ്പണിക്കർ സാർ ശവകുടീരത്തിൽ കിടന്നു പുളയുന്നുണ്ടാവും എന്ന ഭാഗമാണ്. പണിക്കർ സാർ അങ്ങനെ പുളയുന്നുണ്ടെങ്കിൽ അതിനു കാരണം മറ്റൊന്നാവാനാണ് സാദ്ധ്യത. തന്റെ ബഹുമാനാർത്ഥം ഒരു കലാകാരി ആത്മാർത്ഥതയോടും അർപ്പണബോധത്തോടും കൂടി അവതരിപ്പിച്ച ഒരു പുത്തൻ പരിപാടിയെ താൻ തന്നെ പടുത്തുയർത്തിയ മാർഗിയുടെ സാരഥികൾ ഇത്തരത്തിൽ യാതൊരു sensitivityയും കൂടാതെ ഭർത്സിക്കുന്നല്ലോ എന്നു കരുതിയാവും.

## രാമയ്യരുടെ വിശദീകരണം

നങ്ങ്യാരാട്ടത്തെക്കുറിച്ചുള്ള വിവാദം ഞാനോ മാർഗിയോ തുടങ്ങിവച്ചതല്ല. യുനസ്കോ ഹെറിറ്റേജ് കലയായി പ്രഖ്യാപിച്ച കൂടിയാട്ടത്തെ അതിന്റെ പാരമ്പര്യ വിശുദ്ധിയിൽ സൂക്ഷിക്കാതെ വെള്ളം ചേർത്തതെന്തിനാണെന്ന് മാർഗി ഉഷയോട് വിശദീകരണം ചോദിച്ചത് കേന്ദ്രസംഗീതനാടക അക്കാഡമിയായിരുന്നു. അതിന് നൽകിയ മറുപടിയിൽ നങ്ങ്യാരാട്ടത്തിന് കൂടിയാട്ടവുമായി ഒരു ബന്ധവുമില്ലെന്നാണ് ഉഷ ചൂണ്ടിക്കാട്ടിയത്. ശ്രീ. രവീന്ദ്രൻ നായർ നൽകുന്ന പ്രതികരണത്തിലുടനീളം അതിന് വിരുദ്ധമായ കാര്യങ്ങളാണുള്ളത്. പിന്നെ അയ്യപ്പപ്പണിക്കരും ഞാനും തമ്മിലുണ്ടായിരുന്ന ബന്ധത്തെക്കുറിച്ച് എനിക്കാരോടും വിശദീകരിക്കേണ്ട കാര്യമില്ല. അറിയാവുന്നവർക്കത് നന്നായി അറിയാം.

---

കവിത

# ഹൈക്കമാൻഡ്



**ചെമ്മനം ചാക്കോ**

"എനിക്ക് ദാഹം വല്ലാതെ,
ദാഹത്താൽ ചത്തുപോമിവൻ.
അത്രയ്ക്കെൻ നാവു വറ്റുന്നൂ.
തരൂ വേഗം കുടിക്കുവാൻ."

■

സംസ്ഥാന ഭരണത്തിന്റെ
ക്രൂശിന്മേൽ തൂങ്ങിടുന്നവൻ
മുഖ്യനല്ലല്ലി പാനീയം
യാചിക്കുന്നത്? കഷ്ടമേ!

■

"ചായ വേണോ,
കാപ്പി വേണോ?"

ചോദിപ്പൂ പാർശ്വവർത്തികൾ.
'ചായയോ കാപ്പിയോ?' മുഖ്യൻ
സംശയത്തിൻ കുരുക്കിലായ്!

■

'ചായ'യെന്ന് പറഞ്ഞെന്നാൽ
കാപ്പിക്കാർ കല്ലെറിഞ്ഞിടും.
'കാപ്പി' യെന്നുപറഞ്ഞാകിൽ
ചായക്കാർ നോക്കിനിൽക്കുമോ?


■

മുഖ്യനോതുന്നു ദാഹാർത്തൻ:-
"ഹൈക്കമാൻഡിനൊടൊന്നുഞാൻ
ചോദിച്ചിട്ടു പറഞ്ഞോളാം,
മാളോരേ, ബഹുമാന്യരേ!"

(ചെമ്മനം ചാക്കോയുടെ ഫോൺ: 9446227787)

---

# വാരഫലം



പുതുമന മഹേശ്വരൻ നമ്പൂതിരി
പ്രധാനാചാര്യൻ, പുതുമന തന്ത്രവിദ്യാലയം
തുരുത്തി പി.ഒ., ചങ്ങനാശ്ശേരി, കോട്ടയം
Phone: 9447020655, 9544051708

**ജൂലായ് 10 മുതൽ 16 വരെ**

**അശ്വതി:** പ്രേമബന്ധത്തിൽ ശക്തമായ തടസം ദൃശ്യമാകും. രോഗങ്ങൾ വർദ്ധിക്കും. അനാവശ്യവിവാദം ഉണ്ടാകും. ദാമ്പത്യജീവിതത്തിലെ കലഹം വർദ്ധിക്കും. തൊഴിലിൽ അംഗീകാരമുണ്ടാകും.

**ഭരണി:** കലാരംഗത്ത് വ്യക്തിമുദ്ര പതിപ്പിക്കും. പൂർവിക ഗൃഹം ലഭ്യമാകും. രാഷ്ട്രീയ മേഖലയിൽ വളരെ അംഗീകാരമുണ്ടാകും. തൊഴിലന്വേഷകർക്ക് യോജിച്ച തൊഴിൽ ലഭ്യമാകും. മത്സരപ്പരീക്ഷകളിൽ വിജയിക്കും.

**കാർത്തിക :** സഞ്ചാരക്ലേശം ഉണ്ടാകും. സഹോദര തുല്യരിൽനിന്ന് നല്ല പെരുമാറ്റം ഉണ്ടാകും. നിയമപാലകർക്ക് മനോദുഃഖകരമായ അനുഭവം ഉണ്ടാകും. മാതാപിതാക്കളിൽനിന്ന് ധനം ലഭ്യമാകും.

**രോഹിണി:** അദ്ധ്യാപകർക്ക് ദേശീയ പ്രശസ്തിയുണ്ടാകും. ദീർഘകാലമായുള്ള കേസുകളിൽ അനുകൂലവിധിയുണ്ടാകും. നിയമപാലകർക്ക് വിപരീതഫലം നേരിടും. വാഹനം കൈകാര്യം ചെയ്യുമ്പോൾ സൂക്ഷിക്കുക.

**മകയിരം:** വിദേശത്തുള്ളവരിൽനിന്ന് സഹായങ്ങൾ പ്രതീക്ഷിക്കാം. മനോദുഃഖങ്ങൾ വർദ്ധിക്കും. സന്താനങ്ങൾക്ക് രോഗങ്ങൾ പിടിപെടും. കുടുംബകലഹങ്ങൾ ഒത്തുതീർപ്പിലെത്തും.

**തിരുവാതിര:** മനസ്സിന് സന്തോഷം നൽകുന്ന മാറ്റങ്ങൾ ഉണ്ടാകും. പുതിയ തീരുമാനങ്ങൾ എടുക്കുകവഴി വലിയ നേട്ടങ്ങൾക്ക് തുടക്കം കുറിക്കുവാൻ ഈയാഴ്ച പ്രയോജനപ്പെടും. വിദ്യാരംഗത്ത് പുരോഗതി.

**പുണർതം:** വിനോദയാത്രകളിൽ പങ്കെടുക്കാനാകും. ഗുരുക്കന്മാർക്ക് പ്രീതിയുണ്ടാകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കും. പുതിയ വാഹനം വാങ്ങാൻ യോഗം കാണുന്നു.

**പൂയം :** അനാവശ്യതർക്കങ്ങളിൽ ഇടപെട്ട് ധനനഷ്ടം വരാതെ നോക്കണം. കർമ്മരംഗത്ത് സ്ഥായിയായ മാറ്റം കാണുന്നു. ബന്ധുക്കളുടെ നീരസത്തിന് പാത്രമാകും. കല്യാണക്കാര്യങ്ങൾ വേഗത്തിൽ നടക്കും.

**ആയില്യം:** വലിയ കടബാധ്യതയിൽനിന്ന് കരകയറും. ഗവേഷണ രംഗത്ത് നേട്ടം. അന്തർദേശീയ രംഗത്ത് അംഗീകരിക്കപ്പെടും. സന്താനഭാഗ്യം ഉണ്ടാകും. സന്താനങ്ങൾക്ക് ഔദ്യോഗിക രംഗത്ത് ബഹുമതി ലഭിക്കും.

**മകം:** മാതാപിതാക്കളുടെ ബന്ധുക്കൾവഴി ജീവിതത്തിന് പുതിയൊരു മാർഗം തുറന്നുകിട്ടും. പുതിയൊരു തൊഴിൽ കണ്ടെത്തുന്നതിന് യോഗം. പൊതുപ്രവർത്തനരംഗത്ത് ശോഭിക്കും.

**പൂരം:** വിവാദങ്ങളിൽ നിന്ന് മുക്തി. സന്താനത്തിന് കലാരംഗത്ത് നേട്ടം. അലസത വർദ്ധിക്കും. സ്ത്രീകൾക്ക് ഈ ആഴ്ച നല്ലതാണ്. സ്വകാര്യ സ്ഥാപനത്തിൽ തൊഴിൽയോഗം.

**ഉത്രം:** വ്യക്തിഗത നേട്ടത്തിന് അനുകൂലസമയം. ധനാഗമം കൂടും. വ്യാപാരരംഗത്ത് പഴയ പ്രതാപം വീണ്ടെടുക്കും. തടഞ്ഞുവയ്ക്കപ്പെട്ട പ്രൊമോഷൻ സ്വന്തമാകും.

**അത്തം:** ദൂരദേശത്തുനിന്ന് ധനസഹായം ലഭിക്കും. സന്താനത്തിന് തൊഴിൽഭാഗ്യം. ഉദ്യോഗസ്ഥന്മാർക്ക് മേലധികാരികളിൽ നിന്ന് കുറ്റങ്ങൾ വരാതെ ശ്രദ്ധിക്കുക.

**ചിത്തിര:** ഉന്നതന്മാരുമായുള്ള ബന്ധത്തിലൂടെ ഭാഗ്യമുണ്ടാകും. ഉത്തമയായ ജീവിതപങ്കാളിയെ കണ്ടെത്തും. മാതാപിതാക്കന്മാർക്ക് നേട്ടം. കടബാധ്യതകൾ ഒഴിവാക്കാനാകും. കലാരംഗത്ത് ബഹുമതി.

**ചോതി :** വിദ്യാഭ്യാസത്തിൽ പുരോഗതി ദൃശ്യമാകും. അകാരണമായ ഭയം നേരിടും. യാത്രാക്ലേശം ഉണ്ടാകും. മേലുദ്യോഗസ്ഥരുടെ അപ്രീതിക്ക് കാരണമാകും. പ്രതീക്ഷിച്ചിരുന്ന പല നേട്ടങ്ങളിലും തടസം ദൃശ്യമാകും.

**വിശാഖം:** ശക്തമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയും. സാമ്പത്തികമായി അടിത്തറയുണ്ടാകും. പൂർവ്വിക വാഹനം ലഭ്യമാകും. പാരമ്പര്യ സ്വത്തിനെക്കുറിച്ച് ധാരണയുണ്ടാകും. നല്ല സുഹൃത്തുക്കളെ ലഭിക്കും.

**അനിഴം:** ഇൻഷ്വറൻസ് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മനോദുഃഖകരമായ അനുഭവം ഉണ്ടാകും. രോഗങ്ങൾ വർദ്ധിക്കുന്നതിനും ആരോഗ്യ സംബന്ധമായി തകർച്ചയ്ക്കും സാധ്യത. വ്യാപാരരംഗത്ത് ശോഭിക്കും.

**തൃക്കേട്ട:** തൊഴിൽ സംബന്ധമായ കേസുകൾ ഒത്തുതീർപ്പിലാകും. വിദ്യാഭ്യാസത്തിൽ അലസതയുണ്ടാകും. രാഷ്ട്രീയ മേഖലയിൽ അകാരണമായ അപമാനത്തിന് സാധ്യത. ത്വക് രോഗങ്ങൾ വർദ്ധിക്കും.

**മൂലം:** രാഷ്ട്രീയ രംഗത്ത് പ്രശസ്തി. കലാകായിക മത്സരങ്ങളിൽ വിജയസാധ്യത. ഗൃഹനിർമ്മാണത്തിലൂടെ കടബാധ്യത കൂടും. ദാമ്പത്യജീവിതത്തിൽ കലഹത്തിന് യോഗം.

**പൂരാടം:** പ്രൊമോഷൻ, അനുയോജ്യമായ സ്ഥലംമാറ്റം എന്നിവയ്ക്ക് സാധ്യത. പ്രതീക്ഷിക്കാതെ തന്നെ പല നേട്ടങ്ങളും ഉണ്ടാകും. ഉന്നത വിജയ സാധ്യത. പ്രേമബന്ധം ദൃഢമാകും.

**ഉത്രാടം:** അകാരണമായ ഭയം നേരിടും. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകും. സഹോദരങ്ങൾ ശത്രുക്കളാകും. വിലപിടിച്ച പുരസ്കാരങ്ങൾ ലഭ്യമാകും. വിദേശത്ത് ജോലി ചെയ്യുന്നവർക്ക് തടസങ്ങൾ നേരിടേണ്ടിവരും.

**തിരുവോണം:** വിദ്യാവിജയം ഉണ്ടാകും. അദ്ധ്യാപക വൃത്തി, നിയമനീതിന്യായ മേഖല എന്നിവയിൽ കൂടുതൽ അംഗീകാരം. തൊഴിൽ മേഖലയിലെ കലഹം പരിഹരിക്കപ്പെടും.

**അവിട്ടം:** ഗൃഹനിർമ്മാണം പൂർത്തിയാകും. കേസുകളിൽ അനുകൂലമായ തീരുമാനം ഉണ്ടാകും. തൊഴിലന്വേഷകർക്ക് നല്ല തൊഴിൽ ലഭ്യമാകും. കലാമത്സരത്തിൽ ശ്രദ്ധേയമായ നേട്ടം ഉണ്ടാകും.

**ചതയം:** അനാവശ്യമായ വിവാദം ഉണ്ടാകും. ശ്രദ്ധേയമായ മത്സരപ്പരീക്ഷകളിൽ വിജയിക്കും. കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് പല വിധേനയും അപമാന സാധ്യത. സാമ്പത്തിക രംഗം മെച്ചപ്പെടും. പ്രേമബന്ധം ശക്തമാകും.

**പൂരൂരുട്ടാതി:** കേസുകളിൽ അനുകൂലമായ തീരുമാനം ഉണ്ടാകും. പ്രൊമോഷൻ ലഭ്യമാകും. മാതാപിതാക്കൾക്ക് അരിഷ്ടതയുണ്ടാകാൻ യോഗം. പ്രമുഖരുടെ അംഗീകാരം ലഭിക്കും. അപമാനഭയം മാറിക്കിട്ടും.

**ഉതൃട്ടാതി:** വിദ്യാവിജയം ഉണ്ടാകും. സഹോദരങ്ങളുമായി കലഹം ഉണ്ടാകും. തൊഴിൽ മേഖലയിലെ കലഹം പരിഹരിക്കപ്പെടും. വിവാഹകാര്യങ്ങളിൽ തീർപ്പുണ്ടാകും. കലാരംഗത്ത് ശോഭിക്കും. രോഗങ്ങൾ കുറയും.

**രേവതി:** നഷ്ടപ്പെട്ട വസ്തുക്കൾ തിരികെ ലഭിക്കും. തൊഴിൽ സംബന്ധമായ ശിക്ഷണ നടപടികൾ പരിഹരിക്കപ്പെടും. വിദേശയാത്രായോഗം ഉണ്ട്. സാഹിത്യമേഖലയിൽ ഉള്ളവർക്ക് അംഗീകാരങ്ങൾ ലഭിക്കാൻ യോഗം.

cmyk

കേരളകൗമുദി
വാരാന്ത്യ
കൗമുദി
2011 ജൂലായ് 10 ഞായർ


അനിൽകുമാർ, ശാരി, ലക്ഷ്മി

ഈ ഫോട്ടോയിൽ കാണുന്നത് കൊല്ലം വടക്കേവിള സ്വദേശിയും അഭിഭാഷകനുമായ അനിൽകുമാറും ഭാര്യ ശാരിയും മകൾ മൂന്നര വയസ്സുകാരി ലക്ഷ്മിയുമാണ്. 28 വയസ്സുള്ള ശാരി ഇപ്പോൾ തിരുവനന്തപുരം ആർ. സി. സിയിൽ ചികിത്സയിൽ കഴിയുന്നു. അക്യൂട്ട് മൈലോയ്ഡ് ലുക്കീമിയ എന്ന കാൻസറാണ് ശാരിക്ക്. മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ് രക്ഷയ്ക്കുള്ള ഏക മാർഗം. ഇതിനും മറ്റു ചികിത്സകൾക്കുമായി 15 ലക്ഷം രൂപ ചെലവുണ്ട്. ഇത് രണ്ടാം തവണയാണ് ശാരിയെ കാൻസർ ആക്രമിക്കുന്നത്. ആദ്യത്തെ തവണ കൈയിലുള്ളതെല്ലാം വിറ്റുപെറുക്കിയാണ് അനിൽകുമാർ ഭാര്യയെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നത്. എന്നാൽ ഇത്തവണ ദൈവത്തെ വിളിക്കാനും എല്ലാം വിധിക്ക് വിട്ടുകൊടുക്കാനും മാത്രമേ അനിൽകുമാറിനെക്കൊണ്ട് കഴിയുമായിരുന്നുള്ളൂ. പക്ഷേ, ഇന്റർനെറ്റ് ലോകത്തെ കൂട്ടായ്മ ശാരിക്കു വേണ്ടി കൈകോർത്തു. ബ്ളോഗുകളിലും ഫേസ്ബുക്കിലും ഗൂഗിൾ ബസിലും ട്വിറ്ററിലുമെല്ലാം ശാരിയെക്കുറിച്ചുള്ള വാർത്തകൾ ഇടംനേടി. പിന്നെ സംഭവിച്ചത്....

# ലക്ഷ്മിക്ക് ഇനിയും അമ്മയുടെ പാട്ട് കേൾക്കണം

**പ്രതീഷ് ഡി. മണി**

എന്നും രാവിലെ അച്ഛൻ വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ അമ്മയുടെ നീളൻ മുടിയിൽ വയ്ക്കാൻ രണ്ട് മുല്ലപ്പൂക്കൾ ലക്ഷ്മി കൊടുത്തുവിടും. എന്നാൽ ആ കുരുന്നിനറിയില്ല അവളുടെ അമ്മയുടെ മനോഹരമായ മുടി കീമോത്തെറാപ്പിയുടെ ചൂടിൽ കരിഞ്ഞുപോയത്. ''അമ്മയെവിടെയെന്ന് മോൾ എന്നും തിരക്കും. ഒരു സ്ഥലം വരെ പോയിരിക്കുകയാണ്, നാളെ വരും എന്ന് പറഞ്ഞ് സമാധാനിപ്പിക്കും. അടുത്ത ദിവസം അവൾ വീണ്ടും അമ്മ വന്നില്ലല്ലോ എന്ന് പറയും. നാളെ തീർച്ചയായും വരുമെന്ന് കള്ളംപറയും. ആദ്യത്തെ തവണ ശാരിക്ക് അസുഖം ബാധിച്ചപ്പോൾ മോൾ ഭക്ഷണമൊന്നും ശരിക്ക് കഴിക്കാതെ വല്ലാതെ ക്ഷീണിച്ചുപോയിരുന്നു. ഇപ്പോൾ ചേട്ടന്റേയും ചേട്ടത്തിയുടെയും കൂടെ ആക്കിയിരിക്കുകയാണ്. എങ്കിലും എന്നും വൈകിട്ട് ഞാൻ അവളുടെ അടുത്തെത്തും,'' കടുത്ത മനോവിഷമത്തിലും ചിരിക്കാൻ ശ്രമിച്ചുകൊണ്ട് അനിൽകുമാർ പറഞ്ഞു. ആർ.സി.സിയിലെ ജീവനക്കാർക്ക് അനിൽകുമാർ ധീരനായ ഭർത്താവാണ്. ഭാര്യയ്ക്ക് എല്ലാ കരുത്തും പകർന്ന് വിധിയെ ചിരിയോടെ നേരിടുന്ന ഭർത്താവ്. ''ഞാൻ ഒറ്റത്തവണയേ കരഞ്ഞുള്ളൂ. കീമോതെറാപ്പി കഴിഞ്ഞ് ശാരിയെ ആദ്യം കൊണ്ടുവന്നപ്പോൾ അവശയായി അവൾ കുഴഞ്ഞു വീണു. അന്ന് ഞാൻ കരഞ്ഞു. ഹൃദയംപൊട്ടി കരഞ്ഞു. പിന്നീടിതുവരെ ഞാൻ കരഞ്ഞിട്ടില്ല. ഞാൻ കരയുന്നത് കണ്ടാൽ ശാരി തളർന്നു പോകും. എനിക്ക് വിശ്വാസമുണ്ട്. എന്റെ ശാരിയെ എനിക്ക് ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരാനാകും'', അനിൽ പറയുന്നു.

അനിലിന്റെ ഈ വിശ്വാസത്തിന് ഇന്റർനെറ്റ് ലോകത്തെ കൂട്ടായ്മ നൽകുന്ന കരുത്ത് ചില്ലറയല്ല. ശാരിയുടെ ചികിത്സയ്ക്ക് പണം കണ്ടെത്താനാവാതെ പതറിയ അനിലിന് ആശ്വാസം പകർന്നത് സുഹൃത്തുക്കളായിരുന്നു. ''എന്റെ പല സുഹൃത്തുക്കളും കൈയയച്ച് സഹായിച്ചു. സൗഹൃദത്തിന്റെ വില എന്തെന്ന് ഞാനറിഞ്ഞ ദിവസങ്ങളായിരുന്നു അത്. സ്കൂൾ കാലത്തെ സുഹൃത്തുക്കൾ മുതൽ ലാ കോളേജിലെ ക്ളാസ്മേറ്റുകൾ വരെ സഹായവുമായെത്തി. എന്റെ സുഹൃത്ത് അഡ്വ. ശ്യാംമോഹൻ നൽകിയ 75,000 രൂപയും ശാരിയുടെ മോതിരവും മോളുടെ ഒരു മാലയും വിറ്റ പണവും കൊണ്ടാണ് ചികിത്സ ആരംഭിച്ചത്. എന്നാൽ 15 ലക്ഷം രൂപ എത്തിപ്പിടിക്കാനാവാത്തത്ര വലിയൊരു സംഖ്യയാണെന്ന് അറിയാമായിരുന്നു. എങ്കിലും ശാരിയെ മരണത്തിന് വിട്ടുകൊടുക്കാൻ എനിക്കാവില്ലല്ലോ. അങ്ങനെയിരിക്കെയാണ് ഒരു ദിവസം എന്നെ കാണാൻ സുഹൃത്തായ സനിൽ ആർ.സി.സിയിൽ വന്നത്. ആ സമയത്ത് എന്റെ കൈയിൽ ആകെയുള്ളത് 300 രൂപയാണ്. അടുത്ത ദിവസത്തേക്ക് ശാരിക്ക് മരുന്ന് വാങ്ങാനുള്ള പണംപോലുമില്ല. സനിലിനെ കണ്ടപ്പോൾ എനിക്ക് വലിയ ആശ്വാസമായി. അവൻ പണവുമായിട്ടാവും വന്നതെന്ന് തോന്നി. സനിലിന്റെ കൈയിൽ പണമുണ്ടായിരുന്നില്ല. പക്ഷേ, അവൻ എനിക്ക് ഒരു വാക്ക് തന്നു. 'നീ വിഷമിക്കരുത്. നമുക്ക് ഈ പണം കണ്ടെത്താനാവും.' ആ വാക്കുകൾ വലിയ ആത്മവിശ്വാസമാണ് എനിക്ക് തന്നത്.''

സനൽ അന്ന് തന്നെ (ജൂൺ 21ന്) തന്റെ ബ്ളോഗിൽ (sanathanan.blogspot.com) ഒരു പോസ്റ്റെഴുതി. 'ഒരു സഹായം കിട്ടുമോ; ഒരു ജീവൻ രക്ഷിക്കാൻ' എന്നായിരുന്നു തലക്കെട്ട്. ശാരിയുടെ രോഗത്തെക്കുറിച്ചുള്ള വിവരങ്ങളും മെഡിക്കൽ റിപ്പോർട്ടുകളുടെ സ്കാൻ കോപ്പിയും ഒരു കുടുംബ ഫോട്ടോയുമാണ് അതിലിട്ടത്. ഒപ്പം അനിലിന്റെ ബാങ്ക് അക്കൗണ്ടും ഫോൺ നമ്പറുമുണ്ടായിരുന്നു.

അതിശയിപ്പിക്കുന്നതായിരുന്നു പ്രതികരണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സഹായം ഒഴുകിയെത്താൻ തുടങ്ങി. ആയിരം രൂപ മുതൽ പതിനായിരങ്ങൾ വരെ ശാരിയുടെ ചികിത്സയ്ക്കായി പലരും അയച്ചു. ഈ ബ്ളോഗിലെ വിവരങ്ങൾ ട്വിറ്റർ, ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളിലും ഗൂഗിൾ സെർച്ച്, ഗൂഗിൾ ബസ് എന്നിവയിലും വ്യാപകമായി പ്രചരിച്ചു. ഇതിനിടെ ജോ കാളിംഗ് എന്ന വെബ്സൈറ്റിൽ സനിലിന്റെ പോസ്റ്റിന്റെ ഇംഗ്ളീഷ് പരിഭാഷയുമെത്തി. കഴിഞ്ഞ ബുധനാഴ്ച വരെ ആറ് ലക്ഷം രൂപയാണ് ബൂലോകത്തിലേയും ഇ ലോകത്തേയും സൗഹൃദക്കൂട്ടായ്മയിലൂടെ അനിലിന്റെ അക്കൗണ്ടിലെത്തിയത്. മനഃസാക്ഷിയില്ലാത്തവരും സ്വാർത്ഥൻമാരുമാണ് ഇന്നത്തെ തലമുറയും സമൂഹവും എന്ന മുറവിളിയുടെ അർത്ഥശൂന്യത തെളിച്ചു കാട്ടുകയാണ് ശാരിക്ക് വേണ്ടി രൂപപ്പെട്ടിരിക്കുന്ന ഇന്റർനെറ്റ് കൂട്ടായ്മ. ഒരിക്കൽപോലും നേരിട്ട് കണ്ടിട്ടില്ലാത്ത ഒരു പെൺകുട്ടിക്ക് വേണ്ടിയാണ് തിരിച്ച് ഒന്നും പ്രതീക്ഷിക്കാതെ അവർ ഒരുമിച്ചത്. ''മെയിൽ അയയ്ക്കാനൊക്കെ ഇന്റർനെറ്റ് ഉപയോഗിക്കുമായിരുന്നെങ്കിലും ബ്ളോഗ് എന്താണെന്നൊന്നും അറിയില്ലായിരുന്നു. ഇന്റർനെറ്റ് ദുരുപയോഗം ചെയ്യപ്പെടുന്ന കാലത്താണ് അത് എന്റെ ജീവിതത്തിൽ പ്രതീക്ഷയായത്. ശരിക്കും അത്ഭുതമാണ് തോന്നിയത്. ശാരിക്കും ഇതറിഞ്ഞപ്പോൾ വിശ്വസിക്കാനായില്ല'', അനിൽ പറഞ്ഞു.

''ഇനി ഒരു സാൽവേജ് കീമോതെറാപ്പി കൂടിയെടുക്കണം. അതു കഴിഞ്ഞ് 30 ദിവസം റെസ്റ്റുണ്ടാവും. സെപ്തംബർ അവസാനമോ ഒക്ടോബർ ആദ്യ വാരമോ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തണം. നല്ല മുടിയുണ്ടായിരുന്നു അവൾക്ക്. അത് പോയതിൽ വലിയ സങ്കടമുണ്ട്. രണ്ടാമതും കാൻസർ വന്ന് ആശുപത്രിയിലായപ്പോൾ ഒരു ദിവസം അവൾ എന്നോട് പറഞ്ഞു: 'ഇനി ഞാൻ രക്ഷപെടുമോ എന്നറിയില്ല. ചേട്ടൻ ചെറുപ്പമല്ലേ. വേറേ ഒരു ജീവിതത്തെക്കുറിച്ച് ചിന്തിക്കണം.' ഞാൻ വഴക്ക് പറഞ്ഞു. നീ ഇപ്പോൾ അതൊന്നും ചിന്തിക്കണ്ട. മോളേക്കുറിച്ച് മാത്രം ചിന്തിച്ചാൽ മതി. അല്ലെങ്കിലും ദൈവം ശാരിയെ എനിക്ക് തന്നത് ഇത്രയും നല്ലതുപോലെ നോക്കുമെന്ന് അറിഞ്ഞിട്ട് തന്നെയാവും. ആറു വർഷത്തെ പ്രണയമായിരുന്നു ഞങ്ങളുടേത്. എന്റെ ചേട്ടൻ ഇംഗ്ളീഷ് ട്യൂഷൻ എടുത്തിരുന്നു. അവൾ ട്യൂഷന് വീട്ടിൽ വരും. അങ്ങനെ കണ്ട് ഇഷ്ടപ്പെട്ടു. രണ്ട് ജാതിയിൽ പെട്ടവരായതുകൊണ്ട് വീട്ടിൽ ചെറിയ എതിർപ്പൊക്കെ ആദ്യം ഉണ്ടായിരുന്നു. പക്ഷേ, ഞങ്ങൾ ഒരുമിച്ചു. കൊല്ലം കുടുംബ കോടതിയിലാണ് ഞാൻ പ്രാക്ടീസ് ചെയ്തിരുന്നത്. പിരിയാനുറച്ച് എത്തിയ എത്രയോ പേരെ സംസാരിച്ച് ഒരുമിപ്പിച്ചിരിക്കുന്നു. എന്നാൽ ഇപ്പോൾ.... ദൈവം ഞങ്ങളെ തമ്മിൽ പിരിക്കാൻ നോക്കുകയാണ്,'' അതുപറയുമ്പോൾ അനിലിന്റെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. ഭാര്യയുടെ ചികിത്സയ്ക്ക് വേണ്ടി ഓടിനടക്കുന്നതിനിടെ അനിലിന്റെ പ്രാക്ടീസ് മുഴുവൻ താറുമാറായി. പല കേസുകളിലും കോടതിയിൽ ഹാജരാകാതിരുന്നതിനാൽ തോറ്റു. ''എന്റെ ക്ലൈന്റുകൾ വിളിക്കുമ്പോൾ എനിക്ക് ഉത്തരമില്ല. പക്ഷേ, അവർക്കെല്ലാം എന്റെ അവസ്ഥ മനസ്സിലാകും. ആരും ഇതുവരെ കേസ് തോറ്റതിന് ദേഷ്യപ്പെട്ടില്ല.''

2009ലാണ് ശാരിക്ക് ആദ്യം കാൻസർ ബാധയുണ്ടായത്. വലത്തേ ഓവറിയിൽ ഒരു സിസ്റ്റ് കണ്ടാണ് ചികിത്സ തുടങ്ങിയത്. ആർ.സി.സിയിൽ നടത്തിയ പരിശോധനയിലാണ് മൈലോയ്ഡ് സർക്കോമ ഇൻ ഓവറി എന്ന കാൻസറാണെന്ന് മനസ്സിലായത്. വളരെ അപൂർവമായി വരുന്ന രോഗം. അന്ന് ചികിത്സയ്ക്കായി എട്ട് ലക്ഷം രൂപ ചെലവായി. എങ്കിലും ഡോക്ടർമാരെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് ശാരിയുടെ രോഗം ഭേദമായി. ആറു മാസത്തെ വിശ്രമംകൊണ്ട് പൂർണ്ണമായും സുഖപ്പെടുമെന്നായിരുന്നു ഡോക്ടർമാർ നൽകിയ ഉറപ്പ്. എന്നാൽ ഈ വർഷം ഫെബ്രുവരിയിൽ അനിലിനേയും ശാരിയേയും തകർത്തുകൊണ്ട് കാൻസർ വീണ്ടും കടന്നുവന്നു. ഇന്റർനെറ്റിലെ സൗഹൃദവലയത്തിൽ പ്രതീക്ഷ അർപ്പിച്ച് കാത്തിരിക്കുകയാണ് ഇപ്പോൾ അനിലും ശാരിയും.

ശാരി നല്ലൊരു പാട്ടുകാരിയാണ്. ലക്ഷ്മി എന്നും ഉറങ്ങിയിരുന്നത് അമ്മ ഇമ്പമാർന്ന ശബ്ദത്തിൽ പാടുന്ന പാട്ടുകൾ കേട്ടായിരുന്നു. അമ്മയുടെ പാട്ട് കേൾക്കാനാവാതെ പല രാത്രികളിലും അവൾ തിരിഞ്ഞും മറിഞ്ഞും ഉറങ്ങാതെ കിടന്നു. മോൾ ഉറങ്ങുന്നില്ലെന്നറിഞ്ഞപ്പോൾ രോഗക്കിടക്കയിൽ കിടന്ന് ശാരി പാടി. ''കാതോടു കാതോരം...'' അനിൽ അത് മൊബൈൽ ഫോണിൽ റെക്കാഡ് ചെയ്തു. ഇപ്പോൾ ആ മൊബൈൽ ഫോൺ തലയ്ക്കലിരുന്ന് പാടുന്നത് കേട്ടാണ് കുഞ്ഞ് ലക്ഷ്മി ഉറങ്ങുന്നത്. പക്ഷേ, അത് പോരാ. ലക്ഷ്മിക്ക് അമ്മയെ തൊട്ടടുത്ത് വേണം. ആ പാട്ടുകൾ കാതോട് ചേർന്ന് കേൾക്കുകയും വേണം.

കെ.എം. അനിൽകുമാറിന്റെ ഫോൺ: 7293607979

ശാരിയുടെ ചികിത്സയ്ക്ക് വേണ്ടി ആരംഭിച്ച എസ്. ബി. ടിയിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ: 67089138687, സിവിൽ സ്റ്റേഷൻ ബ്രാഞ്ച്, കൊല്ലം.
വിദേശത്തുള്ളവർക്ക്:
SWIFT Code: SBTRINBB053
IFSC Code: SBTR 000005


ഡോ. ദീപക് ഗോപിനാഥ്

ടൗൺ ആൻഡ് റീജിയണൽ പ്ലാനിംഗിൽ കേരളം കുറെകൂടി മെച്ചപ്പെട്ട വിദ്യാഭ്യാസ രീതി ആവിഷ്കരിക്കണമെന്ന് ദീപക് പറയുന്നു. ബിരുദപഠനത്തിനു മുമ്പുതന്നെ ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. തങ്ങളുടെ സ്ഥലത്തെക്കുറിച്ചും അതിന്റെ വികസനത്തെക്കുറിച്ചുമൊക്കെ വിദ്യാർത്ഥികൾ മനസിലാക്കണം

# ദാരിദ്ര്യത്തിന്റെ മാനദണ്ഡങ്ങൾ

**വി.എസ്. രാജേഷ്**

അയൽവീടിനെ നോക്കി ജീവിത നിലവാരം അളക്കുന്ന സ്വഭാവം മലയാളി ഇനിയും കൈവിട്ടിട്ടില്ല.

"ഓ... അപ്പുറത്തെ വീട്ടിലെ കുട്ടികളൊക്കെ പഠിച്ച് നല്ല ജോലിയിലെത്തിയില്ലേ.. അവരുമായി നോക്കുമ്പോൾ ഞങ്ങളൊക്കെ വെറും പാവപ്പെട്ടവരാ സാറെ..."

സ്കോട്ട്ലാൻഡിലെ ഡൺഡി സർവകലാശാലയിലെ ടൗൺ ആൻഡ് റീജിയണൽ പ്ലാനിംഗ് ലക്ചറും തിരുവനന്തപുരം സ്വദേശിയുമായ ഡോ. ദീപക് ഗോപിനാഥ് നടത്തിയ ഒരു വർക്ക്ഷോപ്പിൽ ലഭിച്ച പ്രതികരണങ്ങളിലൊന്നാണ് മുകളിൽ കൊടുത്തത്. കുടുംബശ്രീയുടെ സഹായത്തോടെ തിരുവനന്തപുരത്തെ വിളപ്പിൽ പഞ്ചായത്തിലായിരുന്നു പോവർട്ടി മാപ്പിംഗ് വർക്ക്ഷോപ്പ് നടത്തിയത്. ദാരിദ്ര്യത്തിന്റെ മാനദണ്ഡങ്ങൾ മനസ്സിലാക്കി ബോധവത്കരണം നടത്താനും ജനാഭിലാഷ പ്രകാരമുള്ള വികസനം പ്രാവർത്തികമാക്കാനും സഹായിക്കുന്നതായിരുന്നു ഈ വർക്ക്ഷോപ്പ്.

ബ്രിട്ടീഷ് അക്കാഡമിയുടെ സഹായത്തോടെ നടപ്പിലാക്കുന്ന പോവർട്ടി മാപ്പിംഗ് പ്രോജക്ടിന്റെ ഒന്നാംഘട്ടമാണ് ഇപ്പോൾ നടന്നതെന്ന് ഡോ. ദീപക് 'കേരളകൗമുദി'യോട് പറഞ്ഞു. ആളുകളോട് ഒറ്റയ്ക്ക് ഒറ്റയ്ക്ക് ചോദ്യങ്ങളുമായി സമീപിക്കുമ്പോൾ അവരുടെ ഇല്ലായ്മകൾ പറയാനായിരുന്നു താത്പര്യം. അടുത്ത വീടുകളിലെ സ്ഥിതിയുമായി താരതമ്യപ്പെടുത്തിയാണ് അവർ കാര്യങ്ങൾ പറയുന്നത്. എന്നാൽ, ഒരുമിച്ചിരുന്ന് അവരുടെ പ്രദേശത്തെ കാര്യങ്ങൾ സംസാരിക്കുമ്പോളാകട്ടെ വികസനത്തിൽ പിന്നിലാണെന്ന് പറയാൻ ആരും തയ്യാറുമായിരുന്നില്ല. ഒരുമിച്ചിരുന്നുള്ള ഈ കൂട്ടായ്മ പ്രാദേശിക വികസനത്തിന് ഏറെ സഹായകരമാണെന്ന് ഡോ. ദീപക് പറഞ്ഞു. ഓരോ പ്രദേശത്തും നടപ്പിലാക്കേണ്ട കാര്യങ്ങൾ അവിടത്തെ ജനങ്ങളുടെ താത്പര്യ പ്രകാരം പ്രാവർത്തികമാക്കാൻ ഇതു സഹായിക്കും.


വർക്ക്ഷോപ്പിൽ നിന്ന്

ദാരിദ്ര്യത്തെ അളക്കുന്നത് പട്ടിണിയുണ്ടോയെന്ന് നോക്കിയല്ല. ഒരു വീട്ടിൽ പഠിച്ചവർ ആരുമില്ലെങ്കിൽ, ജോലിയുള്ളവർ കുറവാണെങ്കിൽ ഒക്കെ ദാരിദ്ര്യമായി കണക്കാക്കാം. പട്ടിണി കൊണ്ടുള്ള ദാരിദ്ര്യം എങ്ങും കാണാനില്ലായിരുന്നുവെന്ന് ദീപക് ചൂണ്ടിക്കാട്ടി. ആരോഗ്യരംഗത്തും വിദ്യാഭ്യാസ മേഖലയിലും കേരളം കൈവരിച്ച നേട്ടങ്ങൾ കണക്കിലെടുത്താണ് ഇങ്ങനെയൊരു വർക്ക്ഷോപ്പ് ഇവിടെ നടത്തിയത്. ഇതിന്റെ തുടർപഠന റിപ്പോർട്ടുകൾ കോർപ്പറേഷനും കുടുംബശ്രീക്കും നൽകും. അമേരിക്കയിലെ ക്ലീവ് ലാൻഡ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. മുരളി നായർ ഈ പ്രോജക്ടിന്റെ കോ– ഇൻവെസ്റ്റിഗേറ്റർ ആയിരുന്നു. ജനങ്ങൾ ദാരിദ്ര്യത്തെ എങ്ങനെ മനസിലാക്കുന്നുവെന്നും അതിലൂടെ വിശാലമായ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിക്കാനും ഇത്തരം വർക്ക്ഷോപ്പുകളിലൂടെ സാധിക്കും. കുടുംബശ്രീയിലെ പ്രോഗ്രാം ഓഫീസറായ എസ്. കാർത്തികേയൻ, ഫിലിപ്പ് മാത്യു എന്നിവർ ഈ പ്രോജക്ടിനു വേണ്ട സഹകരണങ്ങൾ നൽകി.

തിരുവനന്തപുരം ഗവൺമെന്റ് എൻജിനിയറിംഗ് കോളേജിൽ നിന്ന് ആർക്കിടെക്ച്ചർ ബിരുദം നേടിയ ദീപക് ഡൽഹിയിലെ സ്കൂൾ ഒഫ് പ്ലാനിംഗ് ആൻഡ് ആർക്കിടെക്ചറിൽ നിന്ന് മാസ്റ്റേഴ്സും ഷെഫീൽഡ് സർവകലാശാലയിൽ നിന്നും പിഎച്ച്.ഡിയും നേടി. ടൗൺ ആൻഡ് റീജിയണൽ പ്ലാനിംഗിൽ കേരളം കുറെകൂടി മെച്ചപ്പെട്ട വിദ്യാഭ്യാസ രീതി ആവിഷ്കരിക്കണമെന്ന് ദീപക് പറഞ്ഞു. ബിരുദപഠനത്തിനു മുമ്പുതന്നെ ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. തങ്ങളുടെ സ്ഥലത്തെക്കുറിച്ചും അതിന്റെ വികസനത്തെക്കുറിച്ചുമൊക്കെ വിദ്യാർത്ഥികൾ മനസിലാക്കണം.

വി.എസ്.എസ്.സിയിൽ ഡോക്ടറായ മേജർ ടി.വി.ജി. നായരുടെയും ആശാ നായരുടെയും മകനാണ് ഡോ. ദീപക്. ഒരു സഹോദരനുണ്ട്. കേരളകൗമുദിയുടെ ഡൽഹി ബ്യൂറോ ചീഫായിരുന്ന നരേന്ദ്രൻ സാറിന്റെ അനുജനാണ് ദീപകിന്റെ അച്ഛൻ ടി.വി.ജി. നായർ. മണിക്കാണ് ദീപകിന്റെ ഭാര്യ.

(ദീപക്കിന്റെ മെയിൽ: d.gopinath@dundee.ac.uk)

## book shelf: മുത്തശ്ശി, ആരാധ്യദേവൻ, വേനൽപച്ച

### കൺസ്ട്രക്ഷൻ സേഫ്ടി ഹാൻഡ്ബുക്ക്
**കെ. മുരളീധരൻ പിള്ള**

നിർമ്മാണ മേഖലകളിലെ സുരക്ഷിതത്വകാര്യങ്ങൾ സുതാര്യമായി പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥം. സേഫ്ടി രംഗത്ത് ജോലി ചെയ്യുന്നവർ, ജോലി നേടാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ, എൻജിനിയറിംഗ്, ഡിഗ്രി-ഡിപ്ളോമ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ, നിർമ്മാണ മേഖലകളിൽ പ്രവർത്തിക്കുന്ന മാനേജർമാർ, എൻജിനിയർമാർ തുടങ്ങിയവർക്കൊക്കെ ഗ്രന്ഥം പ്രയോജനപ്പെടും.
പ്രസാധകർ: സുജാത പബ്ളിഷേഴ്സ്
വില: 595 രൂപ

### ആരാധ്യദേവൻ
**ആർ.സി. കളീയ്ക്കൽ**

മദ്യം എന്ന വിപത്തിനെതിരെയുള്ള അരങ്ങിന്റെ പോരാട്ടമാണ് ഈ കൃതി.
പ്രസാധകർ: ഉൺമ പബ്ലിക്കേഷൻസ്
വില: 70 രൂപ

### അദൃശ്യതയുടെ രസതന്ത്രം
**ധർമ്മജ് മിത്ര**

ഇതുവരെ മനുഷ്യചിന്ത എത്തപ്പെടാത്ത തത്വചിന്തയുടെയും ജ്യോതിഷത്തിന്റെയും മനസ്സിന്റെയും മനഃശാസ്ത്രത്തിന്റെയും ആഴങ്ങളിലേക്കുള്ള ഒരു ഗ്രന്ഥം. പ്രപഞ്ചത്തിൽ അദൃശ്യതയിലിരിക്കുന്ന പരമാത്മാവ്, ആത്മാവ്, ജീവൻ, മനസ്, എനർജി എന്നിവയെ ദൃശ്യപ്രകൃതിയുമായി അദ്വൈത രസതന്ത്രത്തിലൂടെ ഇണക്കിക്കൊണ്ട് ഏതൊരു സാധാരണക്കാരനും അനുഭവവേദ്യമായ രീതിയിൽ മനഃശാസ്ത്രപരമായി അപഗ്രഥിച്ചിരിക്കുന്നു. ഓരോ വായനക്കാരനെയും മനഃശാസ്ത്രജ്ഞനായി മാറ്റുന്ന ഗ്രന്ഥം.
പ്രസാധകൻ : സൂര്യ പബ്ളിക്കേഷൻസ്
വില: 350 രൂപ

### നന്ദി, ഗ്രാമങ്ങളെ!
**കുഞ്ഞപ്പ പട്ടാന്നൂർ**

മിഴിച്ചെരാതിൽ ഉദിക്കുകയും ജ്വലിക്കുകയും ചെയ്യുന്നതാണ് പട്ടാന്നൂർ കവിതകൾ
പ്രസാധകർ: നാഷണൽ ബുക്സ് സ്റ്റാൾ
വില: 65 രൂപ

### മാധവിക്കുട്ടിക്ക്
**കെ.പി. സദാനന്ദൻ**

മാധവിക്കുട്ടി മനുഷ്യമനസിന്റെ ദൈവികബന്ധമുള്ള നഗ്നതയാണ്. മലയാളത്തിന്റെ നിഷ്കളങ്കതയാണത്. ആ നിഷ്കളങ്കത മാധവിക്കുട്ടിയെ എഴുത്തുകാരിയാക്കി. മാധവിക്കുട്ടിയെ കവിതയിലൂടെ നോക്കിക്കാണുന്ന പുസ്തകം.
പ്രസാധകർ: ബുക്ക്മാർക്ക്
വില : 40 രൂപ

### വേനൽപച്ച (കവിതകൾ)
**സുനിൽ പി. മതിലകം**

മലയാളത്തിലെ ശ്രദ്ധേയരായ കവികളുടെ കവിതകൾക്കൊപ്പം എഴുതിത്തെളിഞ്ഞവരുടെയും എഴുതി തുടങ്ങുന്നവരുടെയും കവിതകൾ
പ്രസാധകർ: പ്രിന്റ് ഹൗസ് പബ്ളിക്കേഷൻസ്
വില: 65 രൂപ

### രണ്ട് പെണ്ണുങ്ങൾ (കവിതകൾ)
**ഓയൂർ രാമചന്ദ്രൻ**

ഒരുത്തനും പ്രിയമായി പറവാൻ ഭാവമില്ലാതെ, ആർക്കും ആഴത്തിലുള്ള മുറിവേൽപിക്കാതെയും സമൂഹത്തിൽ അനുദിനം പ്രത്യക്ഷപ്പെടുകയും എന്നും നിലനിൽക്കുകയും ചെയ്യുന്ന അർബുദ സമാനമായ ചില പ്രശ്നങ്ങളെക്കുറിച്ച് കലഹിക്കുകയും ഫലിതരസത്തിൽ പൊതിഞ്ഞ് പരിഹസിക്കുകയുമാണ് ഈ കവിതകൾ.
പ്രസാധകർ: ചെറുപുഷ്പം പബ്ളിഷേഴ്സ്
വില: 40 രൂപ

### മാംസാഹാരത്തിന്റെ കെടുതികൾ
**എൻ. നാണുക്കുട്ടൻ നായർ**

അഹിംസാധിഷ്ഠിതമായ ഒരു രാഷ്ട്രമായി ഭാരതത്തെ രൂപപ്പെടുത്താൻ ഗാന്ധിജി ശ്രമിച്ചു. സസ്യാഹാരം അതിനുള്ള പടിയാണ്.
പ്രസാധകർ: കേരള ഗാന്ധിസ്മാരക നിധി
വില: 30 രൂപ

### സേതു – എഴുത്തും വായനയും
**പി. എം. ഷുക്കൂർ**

സേതുവിന്റെ സർഗലോകത്തേക്ക് വിശദമായ യാത്ര. നിരന്തരം പുതുക്കപ്പെടുന്ന അദ്ദേഹത്തിന്റെ രചനകളെ ആഴത്തിൽ പഠിക്കുകയാണ് നമ്മുടെ നിരൂപണരംഗത്തെ പ്രതിഭാശാലികൾ.
പ്രസാധകർ: കറന്റ് ബുക്സ്
വില: 150 രൂപ

കേരളകൗമുദി
വാരാന്ത്യ
സിനിമ
2011 ജൂലായ് 10 ഞായർ

# മാധവേട്ടനും ജോണിനും

## സ്വന്തം ചന്ദ്രൻ



ടി.വി. ചന്ദ്രൻ
ഫോട്ടോ: വിനോദ് രവീന്ദ്രൻ

സ്വന്തം ലേഖകൻ

കാണുമ്പോൾ മാധവേട്ടൻ ചോദിക്കും "സുഖമാണോ ചന്ദ്രാ"? മാധവേട്ടന്റെ അനുജനാണ് ചന്ദ്രൻ. ഇടയ്ക്കിടെ മാധവേട്ടൻ അനുജനെ കാണാൻ വരും. വീട്ടുവിശേഷങ്ങളും സിനിമാ വിശേഷങ്ങളും ചോദിച്ച് യാത്രപറഞ്ഞിറങ്ങും. 'ശങ്കരനും മോഹനനും' സിനിമ അനുജൻ സംവിധാനം ചെയ്തത് തീർച്ചയായും മാധവേട്ടൻ അറിഞ്ഞിട്ടുണ്ടാവും. "30 വർഷം മുമ്പ് നൈജീരിയയിൽ കാറപകടത്തിലാണ് എന്റെ മൂത്ത ചേട്ടൻ മാധവൻ മരിച്ചത്. മൃതദേഹം അവിടെ അടക്കം ചെയ്യുകയായിരുന്നു. മരിച്ചശേഷം എന്റെ സ്വപ്നങ്ങളിൽ ചേട്ടൻ വരുമായിരുന്നു. ഈ ലോകത്തുനിന്ന് എങ്ങും പോയിട്ടില്ലെന്ന് ഭാര്യയോട് പറയണമെന്നായിരുന്നു മാധവേട്ടന്റെ അപേക്ഷ.

എന്നെ പഠിപ്പിച്ചതൊക്കെ മാധവേട്ടനാണ്. വല്ലാത്തൊരു ആത്മബന്ധമായിരുന്നു ഞങ്ങൾ തമ്മിൽ. മാധവേട്ടനെപ്പോലെ എന്റെ പ്രിയസുഹൃത്ത് ജോൺ എബ്രഹാമും സ്വപ്നങ്ങളിൽ വന്നു സ്നേഹത്തോടെ ശല്യം ചെയ്തശേഷം ചോദിക്കും "സുഖംതന്നെയല്ലേ"? ഇവർ രണ്ടുപേരുമാണ് ശങ്കരനും മോഹനനും ചലച്ചിത്രാവിഷ്കാരം നൽകാൻ പ്രേരണയായത്. ടി.വി. ചന്ദ്രൻ സംസാരിക്കുകയായിരുന്നു. ശങ്കരനും മോഹനനും ടി.വി. ചന്ദ്രന്റെ വേറിട്ട സിനിമ എന്ന അഭിപ്രായം നേടുമ്പോൾ അതിനു പിന്നിലെ യഥാർത്ഥ കഥാപാത്രങ്ങളെക്കുറിച്ചും അവരുമായുള്ള ആത്മബന്ധത്തെക്കുറിച്ചും അദ്ദേഹം പറയുന്നു.

*സിനിമ ഇറങ്ങിയശേഷം മാധവേട്ടൻ സ്വപ്നത്തിൽ വന്നോ?*

ഈ ചോദ്യം കേട്ടപ്പോഴാണ് ഞാനും അതേക്കുറിച്ച് ആലോചിക്കുന്നത്. (ചെറിയ നിശബ്ദതയ്ക്കുശേഷം) ഇല്ല. ഇതുവരെ വന്നില്ല. ഇതിന്റെ സ്ക്രിപ്ട് വളരെ മുമ്പേ എഴുതിയിരുന്നു. രണ്ടുവർഷം മുമ്പ് ഡിസംബർ മാസം ഒടുവിൽ കൊച്ചി ചെറായിയിൽ വച്ച് സ്ക്രിപ്ട് റീവർക്ക് ചെയ്തപ്പോൾ മാധവേട്ടനെ സ്വപ്നംകണ്ടിരുന്നു.

2009 മേയ് അവസാനം എന്റെ നേരെ മൂത്ത ചേട്ടൻ സോമനും മരിച്ചു. അന്ന് സ്വപ്നത്തിൽ മാധവേട്ടനൊപ്പം ഞാൻ കണ്ടത് സോമേട്ടനെ. ഒരു ബസ് സ്റ്റോപ്പിൽനിന്ന് രണ്ടുപേരും 'ശങ്കരന്റെയും മോഹനന്റെയും' സ്ക്രിപ്ടിനെക്കുറിച്ച് സംസാരിക്കുന്നു. മാധവേട്ടൻ മരിക്കുമ്പോൾ 36 വയസും സോമേട്ടൻ മരിക്കുമ്പോൾ 61 വയസും. സ്വപ്നത്തിൽ സോമേട്ടൻ ചേട്ടനും മാധവേട്ടൻ അനിയനുമായതാണ് അതിലെ തമാശ. സോമേട്ടൻ പറയുന്നത് അനുസരണയോടെ കേൾക്കുന്ന മാധവേട്ടനെയാണ് കണ്ടത്. ഇതിനുശേഷം രണ്ടുപേരെയും കണ്ടിട്ടില്ല.

*ജോൺ എബ്രഹാമിനെ?*

ഈ വർഷം ജോൺ എബ്രഹാം അവാർഡിന്റെ ജൂറി ചെയർമാനായിരുന്നു ഞാൻ. അവാർഡ് സ്ക്രീനിംഗ് കഴിഞ്ഞ് രാത്രിയിൽ ഞാനും നീലനും കെ.ജി. ജയനും ഒന്നിച്ചുണ്ടാകും. ഞങ്ങളുടെ ചർച്ചകളിലൊക്കെ അറിയാതെ കടന്നുവന്നതുകൊണ്ടാകാം ജോൺ സ്വപ്നത്തിൽ എന്നെ കാണാൻ വന്നു.

*സിനിമയിൽ ജോണിന്റെ ചിത്രം കാണിക്കുമ്പോൾ How did he die എന്ന് ചോദിക്കുന്നുണ്ടല്ലോ?*

വളരെക്കാലമായി ഞാൻ ഉൾപ്പെടെയുള്ളവർ ചോദിക്കുന്നത് തന്നെ. അത് ഒന്ന് എക്സ്പ്രസ് ചെയ്യണമെന്ന അടങ്ങാത്ത ആഗ്രഹമായിരുന്നു അതിനുപിന്നിൽ. റിമയുടെ ചോദ്യത്തിനു പിന്നാലെ ആ ഫ്രെയിമിൽ ജോൺ എബ്രഹാം മാത്രം. മാധവേട്ടൻ വിഷ്വലായി വന്നില്ല. ജോൺ വന്നു.

*ജയസൂര്യയിൽ മാധവേട്ടനെ കണ്ടോ?*

ആദ്യം കണ്ടില്ല. ക്ളൈമാക്സിൽ എത്തുമ്പോൾ ഫ്രെയ്മിൽ കണ്ടത് മാധവേട്ടനെ. ജയസൂര്യയുടെ കഥാപാത്രത്തെപ്പോലെ മാധവേട്ടനും കണ്ണട ധരിക്കും. ഇതുപോലെ തന്നെയായിരുന്നു മാധവേട്ടന്റെ മീശ. ഇക്കാര്യം ഞാൻ ജയസൂര്യയെ അറിയിച്ചപ്പോൾ അയാൾക്ക് സന്തോഷമായി. സിനിമ കണ്ടശേഷം എന്റെ സഹോദരി കരഞ്ഞുകൊണ്ട് പറഞ്ഞത് ക്ളൈമാക്സിൽ മാധവേട്ടനെ കണ്ടുവെന്നാണ്.

*മാധവേട്ടൻ ലൊക്കേഷനുകളിൽ വന്നിട്ടുണ്ടോ?*

കൃഷ്ണൻകുട്ടിയുടെ ലൊക്കേഷനിൽ മാത്രം വന്നിരുന്നു. സോമേട്ടനായിരുന്നു കൃഷ്ണൻകുട്ടിയിലെ നായകൻ. കൃഷ്ണൻകുട്ടിയുടെ ലൊക്കേഷനിൽ വന്ന മാധവേട്ടൻ അഭിനയിക്കാതെ തന്നെ കഥാപാത്രമായതായി പിന്നീട് തോന്നി.

*അതെങ്ങനെ?*

"മരണം പെട്ടെന്നായതിനാൽ ബന്ധുക്കളെ ആരേയും അറിയിക്കാൻ സാധിച്ചില്ല. വിലാപയാത്രയിലും അനുശോചന യോഗത്തിലും ധാരാളം ആളുകളുണ്ടായിരുന്നു." പവിത്രന്റെ ശബ്ദത്തിലാണ് സിനിമയിൽ ഈ വാക്കുകൾ കേൾക്കുന്നത്. വളരെ പെട്ടെന്നായിരുന്നു മാധവേട്ടന്റെ മരണം. സംസ്കാരചടങ്ങിൽ ധാരാളം ആളുകൾ ഉണ്ടായിരുന്നത് അവിടെ നിന്ന് അയച്ച ഫോട്ടോ യാദൃച്ഛികമായി കണ്ടപ്പോഴാണ് അറിഞ്ഞത്. (മാധവേട്ടന് നൈജീരിയയിൽ വിദ്യാഭ്യാസ വകുപ്പിലായിരുന്നു ജോലി).

*രണ്ടു വേഷവും ജയസൂര്യയിൽ എത്തി?*

ശങ്കരനാകാൻ ജയസൂര്യ വളരെയധികം അദ്ധ്വാനിച്ചു. മിമിക്രിയിലെ പരിചയം കാരണം ഏതു ശബ്ദത്തിലും സംസാരിക്കാൻ അയാൾക്ക് കഴിയും. അയാൾ തന്നെയാണ് ശങ്കരൻ ഡബ് ചെയ്തത്.

*ഒപ്പമുണ്ടായിരുന്ന എല്ലാവരും ചെറുപ്പക്കാരും പുതിയവരും?*

ഞാൻ അഭിനയിപ്പിച്ച ഏറ്റവും ചെറുപ്പക്കാരനായ നായകനാണ് ജയസൂര്യ. സിനിമയിൽ ചീഫ് അസോസിയേറ്റ് ഡയറക്ടറായ എന്റെ മകൻ യാദവിനേക്കാൾ ഒരു വയസ് മൂത്തത്. കാമറാമാൻ പ്രദീപ് നായർ എന്നോടൊപ്പം ആദ്യം കുട്ടിസ്രാങ്കിൽ ചീഫ് അസോസിയേറ്റ് കാമറാമാനായിരുന്നത് ആത്മവിശ്വാസം പകർന്നു. അയാൾ എന്നെ ഒട്ടും നിരാശപ്പെടുത്തിയില്ല. റീമയും മീരയും എന്റെ സിനിമയിൽ ആദ്യം. മണികണ്ഠൻ പാഠം ഒന്ന് ഒരു വിലാപം മുതൽ എന്റെ എല്ലാ സിനിമയിലുമുണ്ട്. ജഗതി ശ്രീകുമാർ ആടുംകൂത്തിലുണ്ടായിരുന്നു. എല്ലാവരും പുതിയ ആളുകളായത് നിർബന്ധപൂർവമല്ല.

*ചെറുപ്പം തോന്നിയോ?*

എല്ലാവരും പിള്ളേരായതിനാൽ ഭയങ്കര സ്വാതന്ത്ര്യവും സുഖവും തോന്നി. അവരുടെ എനർജി എന്നിലേക്ക് വന്നത് വലിയ തോതിൽ സഹായിച്ചിട്ടുണ്ട്.


*ഇനി?*

മമ്മൂട്ടിയോട് സംസാരിച്ചിട്ടുണ്ട്. ഈ വർഷം തന്നെ സിനിമ ഉണ്ടാകും. ശങ്കരനും മോഹനനും മുമ്പ് ചെയ്യാനിരുന്നതാണ്.

*ആടുംകൂത്തിനുശേഷം തമിഴിലേക്ക് വരാത്തത്?*

മനസിൽ മേജർ സിനിമയുണ്ട്. എപ്പോൾ ചെയ്യുമെന്ന് മാത്രം അറിയില്ല.

**ശങ്കരനും മോഹനനും എന്ന സിനിമയ്ക്ക് പിന്നിലെ യഥാർത്ഥ കഥാപാത്രങ്ങളെക്കുറിച്ചും അവരുമായുള്ള ആത്മബന്ധത്തെക്കുറിച്ചും ടി.വി. ചന്ദ്രൻ സംസാരിക്കുന്നു**



സോമൻ, മാധവൻ, ടി.വി. ചന്ദ്രൻ (പഴയ ചിത്രം)

# ഹിമകണം അണിയുമീ...

song of the week



ചിത്രം: **വയലിൻ**
സംഗീതം: **ബിജിബാൽ**
വരികൾ: **റഫീക്ക് അഹമ്മദ്**
ഗായകർ: **ഗണേശ് സുന്ദരം, ഗായത്രി**

ഹിമകണം അണിയുമീ, മലരിതൾ
തഴുകുമൊരിളവെയിൽ വിരലുകളേ
അലകളിലിളകിയും ഇലകളിലിടറിയും
ഈ വഴിയേ..
കനികളിൽ നിറയുമീ മധുരസകണികകൾ
നുകരുക കുരുവികളേ
വരിക പുൽത്തുമ്പിലരിയ നീർത്തുള്ളി
എഴുതിയ കവിതയിലേ
വരിപോൽ (ഹിമകണം)
ഈ മാനത്താണേ രൂപം മാറി മേലേ
കാർമേഘക്കീറിൽ വർണ്ണം വാരിത്തൂകി
നീരോളം മെല്ലെ കാലിൽതൊട്ട് താഴെ
ആ താളച്ചേലിൽ നീന്തിത്തൂവൽപോലെ
പോയ്മറഞ്ഞൊരാ സന്ധ്യകൾതൻ
കദനം വിപുലം
വിരസജന്മത്തിലസുരഭാനന്ദം
നിമിഷവുമിനിയുണരാം, പോരൂ (ഹിമകണം)
നാൾ കണ്ണുംപൂട്ടി കാലംകാത്തുപീലി
ഈ നീലാകാശം താനാതേതോ താളിൽ
ആ മണ്ണിൽത്തേടി തേടിപോകും വേരിൽ
പൂ കാലം തീർക്കും മായാമന്ത്രം ചേർത്തു
ആരുമോർത്തിടാതേ ഇരുളിൽ
തെളിയും തിരികൾ
ഒരു നിലാവിന്റെ അരുമയായ് നീളും
ഇതളുകൾ ഇനി തഴുകാം, പോരൂ (ഹിമകണം)

## ഇത്രയും വലിയ ഹിറ്റ് പ്രതീക്ഷിച്ചില്ല

വയലിൻ വായിക്കുന്ന സീനിലാണ് പാട്ട് തുടങ്ങുന്നത്. ഈ ഗാനം ചെയ്യുമ്പോൾ ഹിറ്റ് ആയെങ്കിൽ എന്ന് പ്രതീക്ഷിച്ചിരുന്നു. എങ്കിലും ഇത്രയും വലിയ ഹിറ്റ് പ്രതീക്ഷിച്ചില്ല. മെലഡിയാണെങ്കിലും അത്ര സ്വീറ്റല്ല. അതുകൊണ്ടാണ് വലിയ ഹിറ്റ് പ്രതീക്ഷിക്കാതിരുന്നത്. ഹിറ്റിനേക്കാൾ മ്യൂസിക്കൽ ആക്കാനാണ് ശ്രമിച്ചത്. ആദ്യം ഗാനം കേട്ട ചിലർ ആദ്യവരികൾ അത്ര ശ്രദ്ധേയമല്ലെന്ന് പറഞ്ഞിരുന്നു. എന്നാൽ ആ വരികളിലെ ചടുലതയും കൗതുകവുമാണ് ഈ പാട്ടിനെ ഹിറ്റാക്കിയതെന്ന് എനിക്ക് തോന്നുന്നു. ഇതിന്റെ ആദ്യവരികൾ തെറ്റാതെ അഞ്ചു തവണ പാടുന്നവർക്ക് സമ്മാനം നൽകുന്ന പരിപാടിവരെ ഒരു റേഡിയോ ചാനൽ നടത്തുകയുണ്ടായി. മലയാളി എപ്പോഴോ മാറ്റിവച്ച ആസ്വാദന സൗഹൃദ അന്തരീക്ഷം തിരിച്ചുവരുന്നതിന്റെ ലക്ഷണം കൂടിയായാണ് ഈ പാട്ട് ഹിറ്റായതിനെ കാണുന്നത്.



ബിജിബാൽ

(ബിജിബാലിന്റെ ഫോൺ: 9037979030)

## എന്റെ ഫസ്റ്റ് ബ്രേക്ക്

നൂറ് കണക്കിന് കാസറ്റുകൾ, ഗാനമേളകൾ, ഒരു ഡസനിലധികം സിനിമാഗാനങ്ങൾ. തൃപ്പൂണിത്തുറ സ്വദേശിയായ ഗണേശ് സുന്ദരം എന്ന ഗായകൻ 16 വർഷത്തിലധികമായി ഗാനരംഗത്തുണ്ടെങ്കിലും മലയാളികൾ ഈ പാട്ടുകാരനെ ശ്രദ്ധിച്ചത് 'ഹിമകണം' എന്ന ഗാനത്തിലാണ്. " എന്റെ ജീവിതത്തിലെ വലിയൊരു ബ്രേക്കാണ് ഈ ഗാനം തന്നത്. ബിജിബാലുമായിട്ടുള്ള അടുപ്പം കൊണ്ടാണ് എനിക്ക് ഈ പാട്ട് പാടാൻ അവസരം ലഭിച്ചത്. കായംകുളം കണാരൻ, കുടുംബശ്രീ ട്രാവൽസ്, മിന്നാമിന്നിക്കൂട്ടം, മായക്കാഴ്ച, ചാവേർപ്പട, കാവ്യം തുടങ്ങി നിരവധി സിനിമകളിൽ പാടിയിട്ടുണ്ടെങ്കിലും ആദ്യമായാണ് ഒരുഗാനം ഇത്രയും ശ്രദ്ധേയമാവുന്നത്. ഗാനത്തിന്റെ വിഷ്വൽസ് ചാനലിലും മറ്റും വരുന്നതിന് മുമ്പ് യുട്യൂബ്, ഫേസ്ബുക്ക് എന്നിവിടങ്ങളിൽ വന്നിരുന്നു. വളരെ നല്ല പ്രതികരണമായിരുന്നു അപ്പോൾതന്നെ ലഭിച്ചത്. എനിക്കത് അത്ഭുതമായിരുന്നു. ശരിക്കും പറഞ്ഞാൽ അപ്രതീക്ഷിതം.



ഗണേശ് സുന്ദരം

(ഗണേശ് സുന്ദരത്തിന്റെ ഫോൺ: 9995030530)

## തമ്പുരാട്ടിയായി ശ്വേതാമേനോൻ

മലയാള സിനിമയിൽ സെക്സിന്റെ അതിപ്രസരത്താൽ സമ്പന്നമായ തമ്പുരാട്ടി 33 വർഷത്തിനുശേഷം റീമേക്ക് ചെയ്യുന്നു. വർണചിത്രയുടെ ബാനറിൽ സുബൈർ നിർമ്മിക്കുന്ന തമ്പുരാട്ടി സംവിധാനം ചെയ്യുന്നത് സന്ധ്യാ മോഹനാണ്. പഴയ തമ്പുരാട്ടി സംവിധാനം ചെയ്തത് എൻ. ശങ്കരൻ നായരും തിരക്കഥയും സംഭാഷണവും രചിച്ചത് തോപ്പിൽഭാസിയും സംഗീതം ദേവരാജൻ മാഷുമായിരുന്നു. പ്രമീളയുടെ മേനി പ്രദർശനമായിരുന്നു പഴയ തമ്പുരാട്ടിയുടെ ഹൈലൈറ്റ്. അടൂർഭാസി, റീന എന്നിവരായിരുന്നു മറ്റു താരങ്ങൾ. പുതിയ തമ്പുരാട്ടിയിലെ നായിക ശ്വേതാമേനോനാണ്. തമ്പുരാട്ടി വീണ്ടും വരുമ്പോൾ ചലച്ചിത്രലോകവും പ്രേക്ഷകരും ഏറെ ആകാംക്ഷാഭരിതരാണ്.



ശ്വേതാമേനോൻ

### ആകാശത്തിന്റെ നിറം

അമ്പലക്കര ഗ്ളോബൽ ഫിലിംസിന്റെ ബാനറിൽ അനിൽ അമ്പലക്കര നിർമ്മിക്കുന്ന ആകാശത്തിന്റെ നിറം ഡോ. ബിജു തിരക്കഥ എഴുതി സംവിധാനം ചെയ്യുന്നു. ഇന്ദ്രജിത്, നെടുമുടി വേണു, അമല പോൾ, ടി.ജി. രവി, മാമുക്കോയ, ഇന്ദ്രൻസ്, അനൂപ് ചന്ദ്രൻ, മുൻഷി വേണു, സി.ജെ. കുട്ടപ്പൻ, ഡൽഹി ഗണേഷ്, മാസ്റ്റർ ഗോവർദ്ധൻ എന്നിവർ അഭിനയിക്കുന്നു. ഗാനങ്ങൾ : ഒ.എൻ.വി കുറുപ്പ്, സംഗീതം : രവീന്ദ്ര ജയിൻ, കാമറ : എം.ജെ. രാധാകൃഷ്ണൻ, കലാ സംവിധാനം : സന്തോഷ് രാമൻ, മേക്കപ്പ് : പട്ടണം റഷീദ്, പശ്ചാത്തല സംഗീതം : രമേശ് നാരായൺ, പ്രൊഡക്ഷൻ കൺട്രോളർ : നോബിൾ ജേക്കബ്.



*നായികയിൽ സുകുമാരി, ശാരദ, കെ.പി.എ.സി. ലളിത*

### നായിക

മകീര്യം ക്രിയേഷൻസിന്റെ ബാനറിൽ തോമസ് ബെഞ്ചമിൻ നിർമ്മിക്കുന്ന നായിക ജയരാജ് സംവിധാനം ചെയ്യുന്നു. ശാരദ, ജയറാം, മംമ്ത മോഹൻദാസ്, പത്മപ്രിയ, ജഗതി, സിദ്ദിഖ്, കെ.പി.എ.സി ലളിത, സുകുമാരി, സബിത ജയരാജ്, ഹക്കിം, ജനാർദ്ദനൻ പയ്യന്നൂർ, ബാബു അന്നൂർ, നാരായണൻകുട്ടി എന്നിവർ അഭിനയിക്കുന്നു. തിരക്കഥ, സംഭാഷണം : ദീദി ദാമോദരൻ. ഗാനങ്ങൾ : ശ്രീകുമാരൻ തമ്പി. സംഗീതം : എം.കെ. അർജ്ജുനൻ, കാമറ : സിനു മുരുക്കുംപുഴ, പ്രൊഡക്ഷൻ കൺട്രോളർ : മഹേഷ് കവടിയാർ, സ്റ്റിൽസ് : സുജിത്, എഡിറ്റിംഗ് : സോബിൻ കെ. സോമൻ.



*അസുരവിത്തിൽ ആസിഫ് അലി, സംവൃത*

### അസുരവിത്ത്

വയലൻസിന് ശേഷം എ.കെ. സാജൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന അസുരവിത്ത് എന്ന ചിത്രത്തിൽ ആസിഫ് അലി, സംവൃതാ സുനിൽ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ലീലാ ക്രിയേഷൻസിന്റെ ബാനറിൽ ഷാജി താനപ്പറമ്പിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം വിഷ്ണു നാരായണൻ നിർവഹിക്കുന്നു.

ജഗതി ശ്രീകുമാർ, കലാഭവൻ മണി, സിദ്ദിഖ്, ഹരിശ്രീ അശോകൻ, അനിൽ മുരളി, ചാലി പാല, കലാശാല ബാബു, അരുൺ നാരായണൻ, റോണി, മൻരാജ്, ജിയ, ഗണപതി, ചന്തു, അഷറഫ്, മുഹമ്മദ്, വിഷ്ണു, വിദ്യാലക്ഷ്മി, രേഖ, ലെന, സീമാ ജി. നായർ, അമേയ, നവമി, ബിന്ദു വാരാപ്പുഴ തുടങ്ങിയവരാണ് മറ്റുതാരങ്ങൾ.

കൈതപ്രം, റഫീക് അഹമ്മദ് എന്നിവരുടെ വരികൾക്ക് ഈണം നൽകുന്നത് അൽഫോൻസ്, രാജേഷ് മേനോൻ എന്നിവരാണ്. പ്രൊഡക്ഷൻ കൺട്രോളർ– ബൂൺ ബാബു.

### അച്ഛന്റെ ആൺമക്കൾ

രാജപ്രഭ ക്രിയേഷൻസിന്റെ ബാനറിൽ ശരത്കുമാർ, ജഗദീഷ് എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ചന്ദ്രശേഖരൻ സംവിധാനം ചെയ്യുന്ന അച്ഛന്റെ ആൺമക്കൾ പാലക്കാട്ട് ആരംഭിച്ചു. നെടുമുടി വേണു, സുരാജ് വെഞ്ഞാറമൂട്, വിജയരാഘവൻ, അനിൽമുരളി, ബൈജു, ശിവജി ഗുരുവായൂർ, നിഴലുകൾ രവി, ദേവൻ, ടി.എസ്. രാജു, മേഘ്നരാജ്, ലക്ഷ്മിശർമ്മ, അംബിക, മാസ്റ്റർ സിദ്ധാർത്ഥ് എന്നിവരാണ് മറ്റുതാരങ്ങൾ.

സതീഷ് മണ്ണൂറിന്റെ കഥയ്ക്ക് എൻ.എം. നവാസ് തിരക്കഥ, സംഭാഷണവുമെഴുതുന്നു. വയലാർ ശരത്ചന്ദ്രവർമ്മ, സന്തോഷ് വർമ്മ, അജയൻ പാലോട് എന്നിവരുടെ വരികൾക്ക് ഈണം പകരുന്നത് ജാസിഗിഫ്റ്റാണ്.



*അച്ഛന്റെ ആൺമക്കളിൽ ശരത്കുമാർ, സിദ്ധാർത്ഥ്, മേഘ്നരാജ്*